# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**
**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P4/1985/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/11/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P4/1985/2024 തീയ്യതി: 30/11/2024

# കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-08-2023 മുതൽ 13-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നന്ദന.എസ്.പിള്ളെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 14-11-2024 | 21-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-11-2024 | 21-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ഷൈനി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിഷ പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.തൻസീല എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സതി കിഴക്കയിൽ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.അനിൽകുമാർ.ടി | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഗോകുൽ ദാസ്. ടി .എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 20-04-2023 |
| ശ്രീ.മോഹനൻ.സി.വി | അസിസ്റ്റന്റ് സെക്രട്ടറി | 21-04-2023 | 31-03-2024 |
| ശ്രീമതി.വിദ്യാ ബാബു എം | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.അനി | മെഡിക്കൽ ഓഫീസർ | 01-04-2023 | 21-06-2023 |
| ഡോ.ഷീബ.കെ.ജെ | മെഡിക്കൽ ഓഫീസർ | 21-06-2023 | 16-11-2023 |
| ഡോ.ശ്രീരാഗ് | മെഡിക്കൽ ഓഫീസർ | 16-11-2023 | 31-03-2024 |
| ശ്രീ.അരവിന്ദാക്ഷൻ | ഹെഡ്മാസ്റ്റർ | 01-04-2023 | 31-05-2023 |
| ശ്രീ.സതീഷ് കുമാർ | ഹെഡ്മാസ്റ്റർ | 01-06-2023 | 31-03-2024 |
| ശ്രീമതി. രമ്യ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ലീന ടി കെ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2023 | 13-07-2023 |
| ശ്രീമതി.ജിഷ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 13-07-2023 | 31-03-2024 |
| ശ്രീ.ജയപ്രകാശ് | സബ് ഇൻസ്പെക്റ്റർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| ഡോ.സുനിൽകുമാർ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ.സിജിൻ | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീ.ആസിഫ് അഷറഫ് | വി.ഇ.ഒ | 01-04-2023 | 05-07-2023 |
| ശ്രീ.സുഗതൻ | വി.ഇ.ഒ | 06-07-2023 | 31-03-2024 |
| ശ്രീ.ഫാസിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 11-07-2023 |
| ശ്രീ.രജീഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 13-07-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | സ്റ്റോക്ക് നീക്കിയിരിപ്പ്- കൃത്യതയില്ല. | 1-1-4 |
| 6 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല. | 1-1-5 |
| 7 | ലേലം തുക- ധനകാര്യപത്രികയും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബാധ്യത നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് | 1-1-7 |
| 9 | കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque ഇനത്തിലേക്ക് മാറ്റിയില്ല. | 1-1-8 |
| 10 | Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-9 |
| 11 | ലോൺ ബാധ്യത രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | വസ്തുനികുതി റെസിഡൻഷ്യൽ(അരിയർ) വാർഷിക കണക്കും ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | വസ്തുനികുതി ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള വരവ് തുക ഡി.സി.ബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ബാധ്യതാ നീക്കിയിരിപ്പ് ബന്ധപ്പെട്ട ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ബാധ്യതാ തുകകളുടെ നീക്കിയിരിപ്പ്- വിവരങ്ങൾ ലഭ്യമല്ല | 1-1-14 |
| 16 | ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമാക്കിയിട്ടില്ല. | 1-1-15 |
| 17 | റിഡംപ്ഷൻ തുക പൂർണ്ണമായി തിരികെ ലഭിച്ചില്ല | 1-1-16 |
| 18 | പദ്ധതികളുടെ അടങ്കൽ തുകയേക്കാൾ കൂടുതൽ ചെലവ് | 1-1-17 |
| 19 | ബഡ്ജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഫണ്ട് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 24 | ACR - സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-7 |
| 25 | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം എന്നിവയ്ക്കനുസരിച്ച് നികുതി നിർണ്ണയിക്കുന്നതിൽ പൊരുത്തക്കേട് | 1-8 |
| 26 | കെട്ടിട നമ്പർ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുന്നു | 1-9 |
| 27 | ഫുട്പാത്ത് നവീകരണം - ഇന്റർലോക്ക് കട്ട വിരിക്കുന്നതിന് അധികനിരക്ക് നൽകി | 1-10 |
| 28 | അങ്കണവാടി അറ്റകുറ്റപ്പണി - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ് | 1-11 |
| 29 | തേനീച്ച കൃഷി -ക്വട്ടേഷൻ നിരക്കിനെക്കാൾ കൂടിയ തുക അനുവദിച്ചു | 1-12 |

| | | |
|---|---|---|
| 30 | വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിഫിക്കേഷൻ - കരാറുകാരന് രണ്ടു തവണ തുക നൽകിയതിനാൽ അധിക ചെലവ്, കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയതിന്റെ വിശദാംശം ലഭ്യമല്ല | 1-13 |
| 31 | ഡ്രൈനേജ് കവറിംഗ് സ്ലാബ് നിർമ്മിക്കുന്നതിന് തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി | 1-14 |
| 32 | പൊതു ഇടങ്ങളിൽ പോർട്ടബിൾ സി.സി.ടി.വി സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-15 |
| 33 | തൊഴിലുറപ്പ് പദ്ധതി - സിമന്റിന് പരമാവധി വിലയേക്കാൾ ഉയർന്ന നിരക്ക് നൽകുന്നു. | 1-16 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-17 |
| 35 | വിവിധ ഏജൻസികൾക്ക് തുക നൽകി -പൂർത്തീകരണം,വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-18 |
| 36 | വാർഡ് സാനിറ്റേഷൻ പ്രവർത്തനങ്ങൾക്ക് തുക നൽകി - ചെലവ് വിവരങ്ങൾ ലഭ്യമല്ല | 1-19 |
| 37 | ടാർ ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. | 1-20 |
| 38 | കുടിവെള്ള പദ്ധതിയുടെ കിണർ വൃത്തിയാക്കിയതിന് തനതുഫണ്ടിൽ നിന്ന് തുക ചെലവഴിച്ചു | 1-21 |
| 39 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഈടാക്കിയില്ല | 1-22 |
| 40 | അരുമയോടൊപ്പം അറിവിലേക്ക് - വിനിയോഗ വിവരം ലഭ്യമല്ല. | 1-23 |
| 41 | ഭരണ സമിതി മീറ്റിങ് ഹാൾ നവീകരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം | 1-24 |
| 42 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സ്കോളർഷിപ്പ് തുക മുഴുവൻ നൽകിയില്ല. | 1-25 |
| 43 | അങ്കണവാടി പോഷകാഹാരം - പ്രോജക്ട് നിർവ്വഹണം അപാകതകൾ | 1-26 |
| 44 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-27 |
| 45 | അതിദരിദ്രർ- വീട് റിപ്പയർ പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 46 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മ സേന - പ്രവർത്തനാവലോകനം | 1-29 |
| 47 | സംയുക്ത പദ്ധതി വിഹിതം  പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. | 1-30 |
| **ഭാഗം 2** | | |
| 1 | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം എന്നിവയ്ക്കനുസരിച്ച് നികുതി നിർണ്ണയിക്കുന്നതിൽ പൊരുത്തക്കേട് | 2-1 |
| **ഭാഗം 3** | | |
| 1 | ഫുട്പാത്ത് നവീകരണം - ഇന്റർലോക്ക് കട്ട വിരിക്കുന്നതിന് അധികനിരക്ക് നൽകി | 3-1 |
| 2 | അങ്കണവാടി അറ്റകുറ്റപ്പണി - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ് | 3-2 |
| 3 | വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിഫിക്കേഷൻ - കരാറുകാരന് രണ്ടു തവണ തുക നൽകിയതിനാൽ അധിക ചെലവ്, കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയതിന്റെ വിശദാംശം ലഭ്യമല്ല | 3-3 |
| **ഭാഗം 4** | | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 (2) ഇ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ മേൽ ചട്ടങ്ങളിലെ ചട്ടം 62 (2) എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തേണ്ടതും, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇവയൊന്നും ഉൾപ്പെടുത്താതെയാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.2024 തീയതിയിലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 29.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

കോഴിക്കോട്

ഡെപ്യൂട്ടി ഡയറക്ടർ

## <u>1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല</u>

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ 1,00,05,745/- രൂപയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയായ 3,76,50,241/- രൂപയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## <u>1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല</u>

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തു നികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല .

## <u>1-1-4 സ്റ്റോക്ക് നീക്കിയിരിപ്പ്- കൃത്യതയില്ല.</u>

വാർഷിക കണക്ക് B14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസിന്റെ നീക്കിയിരിപ്പ് 58,412/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ മൂല്യാധിഷ്ഠിതമായി തയ്യാറാക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## <u>1-1-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല.</u>

3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല (ഉദാ-suppliers Security Deposit, Bidders EMD മുതലായവ ).

## <u>1-1-6 ലേലം തുക- ധനകാര്യപത്രികയും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല</u>

ലേല രജിസ്റ്ററിലെ വരവും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ന്യൂസ് പേപ്പർ ലേലം ഇനത്തിൽ ലഭിച്ച 3,482/- രൂപ പ്രസ്തുത ഹെഡിൽ ഉൾപ്പെട്ടിട്ടില്ല.

## <u>1-1-7 ബാധ്യത നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ്</u>

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ ബാദ്ധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന CFC Tied ഫണ്ട് (-) 958978/- രൂപയുടെ നീക്കിയിരിപ്പാണ് കാണിച്ചിരിക്കുന്നത്. ബാദ്ധ്യത ഭാഗത്ത് നെഗറ്റീവ് നീക്കിയിരിപ്പ് രേഖപ്പെടുത്തുമ്പോൾ

ആയത് ആസ്തി മൂല്യത്തിന് വർദ്ധനവാണ് ഉണ്ടാക്കുന്നത്. ഇക്കാരണത്താൽ വാർഷിക കണക്ക് യാഥാർത്ഥ ആസ്തി ബാദ്ധ്യത നീക്കിയിരിപ്പുകളെ പ്രതിഫലിപ്പിക്കുന്നില്ല.

**1-1-8 കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque ഇനത്തിലേക്ക് മാറ്റിയില്ല.**

പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| ടി.എസ്.ബി ട്രഷറി, കൊയിലാണ്ടി (799013000000115) | 22300690 | 6258511/9.11.23 | 6,89,061 |
| കേരള ഗ്രാമീൺ ബാങ്ക് പി.എഫ്.എം.എസ് സി.എഫ് .സി (40161101026397) | 22300843 | 111/15.12.23 | 1,70,939 |

**1-1-9 Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല**

ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല (ട്രി.എസ്.ബി അക്കൗണ്ടിൽ (799013000000115) നിന്ന് 31.3.24 ന് 12,945/- രൂപ, കോ-ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ (419) നിന്ന് 31.3.24 ന് 1110/- രൂപ).

**1-1-10 ലോൺ ബാധ്യത രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.**

ബാലൻസ് ഷീറ്റിലെ ബി-5 ഷെഡ്യൂൾ പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ 2,68,78,076/- രൂപയാണ് തിരിച്ചടയ്ക്കാനുള്ളത്. ഇതിൽ ലോൺ അക്കൗണ്ടിൽ വരവ് വന്ന പലിശ തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കാനുള്ള തുക 2,64,95,671/- രൂപയാണ്. പലിശ ഇനത്തിൽ ലഭിച്ച തുക ബാധ്യതയായി രേഖപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതും വാർഷികകണക്കും ലോൺ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-1-11 വസ്തുനികുതി റെസിഡൻഷ്യൽ(അരിയർ) വാർഷിക കണക്കും ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ 43110012 ഹെഡിൽ വസ്തുനികുതി റെസിഡൻഷ്യൽ(അരിയർ) ഇനത്തിൽ 13,327/- രൂപയാണ്. എന്നാൽ ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ ബാലൻസ് തുക 12,642/- രൂപയാണ്.

**1-1-12 വസ്തുനികുതി ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള വരവ് തുക ഡി.സി.ബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.**

വസ്തുനികുതി ഇനത്തിൽ വാർഷിക കണക്ക് RP45 പ്രകാരമുള്ള വരവ് തുക ഡി.സി.ബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ വരവ് തുക യഥാക്രമം 7,696/-, 43,865/- എന്നിങ്ങനെയാണ്. എന്നാൽ RP 45 അരിയർ ഇനത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

**1-1-13 ബാധ്യതാ നീക്കിയിരിപ്പ് ബന്ധപ്പെട്ട ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.**

ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ ബാധ്യതാ തുകയും B17 ലെ ബന്ധപ്പെട്ട ബാങ്ക്

അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് | B4 | B17 |
|---|---|---|
| ജലനിധി | 35,087 | 67,234 |
| സി.എഫ്.സി | (-)2,60,448<br>6,98,530 (ബേസിക് ഗ്രാന്റ്),<br>(-)9,58,978 (ടൈഡ് ഫണ്ട്) | 3,55,076 |

## 1-1-14 ബാധ്യതാ തുകകളുടെ നീക്കിയിരിപ്പ്- വിവരങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ 320300199, 320400199, 320200399, 320200305 എന്നീ ഹെഡുകളിലെ ബാധ്യതാ തുകകളുടെ ഉദ്ദേശ്യം, നാളിതുവരെയുള്ള വിനിയോഗ വിവരം, നീക്കിയിരിപ്പ് എന്നിവ എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-15 ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-1-16 റിഡംപ്ഷൻ തുക പൂർണ്ണമായി തിരികെ ലഭിച്ചില്ല

2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്തിന് റിഡംപ്ഷൻ ഇനത്തിൽ സർക്കാരിൽ നിന്ന് 89,34,434/- രൂപ ലഭിക്കാനുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 81,47,637/- രൂപ മാത്രമേ തിരികെ ലഭിച്ചിട്ടുള്ളു (7,86,797/- രൂപയുടെ കുറവ്).

## 1-1-17 പദ്ധതികളുടെ അടങ്കൽ തുകയേക്കാൾ കൂടുതൽ ചെലവ്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര പദ്ധതി, കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 'നാളികേര ഉൽപാദന പുനരുദ്ധാരണം കേടുവന്ന തെങ്ങുകൾ മുറിച്ചു മാറ്റി പുതിയ തൈകൾ നൽകുക' എന്നീ പദ്ധതികൾക്ക് അടങ്കൽ തുകയേക്കാൾ ചെലവ് വന്നിട്ടുണ്ട്.

## 1-2 ബഡ്ജറ്റ്

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 14.03.2023 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബഡ്ജറ്റ് 03.02.2024 ലെ 2(1) നമ്പർ തീരുമാനപ്രകാരവും ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,68,07,320/- |
| വരവ് | 9,84,05,356/- |
| ആകെ | 11,52,12,676/- |
| ചെലവ് | 8,83,99,611/- |
| നീക്കിയിരിപ്പ് | 2,68,13,065/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 3,03,78,372 | 3,03,78,372 | 2,29,45,561 | 74,32,811 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 46,15,130 | 46,15,130 | 39,80,130 | 6,35,000 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 1,55,56,150 | 1,55,56,150 | 38,50,369 | 1,17,05,781 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 29,96,000 | 29,96,000 | 22,50,259 | 7,45,741 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 37,82,506 | 40,47,000 | 78,29,506 | 65,20,943 | 13,08,563 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 16,80,954 | 53,96,000+ 1,42,610 (Interest) | 72,19,564 | 85,84,102 | -13,64,538 |

(കുറിപ്പ് -സി.എഫ്.സി ഫണ്ട് ടൈഡ്, അൺടൈഡ് മുന്നിരിപ്പ് മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള തുകയാണ്. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിലെ ബാധ്യതാ തുകയും B17 ലെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 212 | 20,60,95,637/- | 140 | 9,72,01,924/- | 72 | 66% |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2024ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46,759/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 ACR - സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

(A) വികസന ഫണ്ട്(ജനറൽ), സി.എഫ്.സി, മെയിന്റനൻസ് ഫണ്ട് (റോഡ്), (നോൺ റോഡ്) എന്നിവയിലെ ചെലവ് തുക എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് | ACR പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2,46,10,246 | 2,29,45,561 (ജി.ഒ പ്രോജക്റ്റ് ഒഴികെ) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഫണ്ട് | 1,49,73,265 | 1,51,05,045 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 71,31,170 | 38,50,369 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 33,17,268 | 22,50,259 |

(B) എ.സി.ആർ. ൽ ബിൽ തുക നെഗറ്റീവ് ആയി രേഖപ്പെടുത്തി :

സി.എഫ്.സി ടൈഡ് ഫണ്ട് എ.സി.ആർ. ൽ ക്രമ നം.33, 34 പ്രകാരമുള്ള ബിൽ തുകകൾ

നെഗറ്റീവ് ആയി രേഖപ്പെടുത്തി.

(C) ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഐ.കെ.എം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല :

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ I-6 ഷെഡ്യൂളിലെ ഹെഡ് 160300102 പ്രകാരം സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 28,27,423/- രൂപയാണ്, എന്നാൽ ഐ.കെ.എം ചെലവ് പത്രിക പ്രകാരം ഇത് 26,93,905/- രൂപയാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി പാലിയേറ്റീവ് പദ്ധതിക്ക് ചെലവഴിച്ച തുക ഐ.കെ.എം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ വ്യത്യാസത്തിനും അപാകതകൾക്കുമുള്ള കാരണം വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-8 കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം എന്നിവയ്ക്കനുസരിച്ച് നികുതി നിർണ്ണയിക്കുന്നതിൽ പൊരുത്തക്കേട്

ചേമഞ്ചേരി പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തു നികുതി പരിശോധനയ്ക്കായി 2023-24 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ ഉപയോഗക്രമം, കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം എന്നിവയിൽ പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു.

1. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ കണ്ട പൊരുത്തക്കേടുകൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമം/ഒടുക്കിയ നികുതി | യഥാർത്ഥത്തിൽ രേഖപ്പെടുത്തേണ്ട ഉപയോഗക്രമം/ ഒടുക്കേണ്ട നികുതി | നികുതിയിനത്തിൽ സംഭവിച്ച നഷ്ടം |
|---|---|---|---|---|---|---|
| 1 | 6 | 113 A മുതൽ AZ വരെ | 946.63 ച.മീ. | വാണിജ്യാവശ്യം- 100 ച.മീ. മുകളിൽ 500 ച.മീ. വരെയുള്ളവ (ച.മീറ്ററിന് 70/- രൂപ നിരക്ക്)/ 79,164 രൂപ | വാണിജ്യാവശ്യം- 500 ച.മീ. മുകളിൽ (ച.മീറ്ററിന് 90/- രൂപ നിരക്ക്)/ 1,02,237 രൂപ [(946.63x90)+20%] | 23,073/- |
| 2 | 14 | 370 A മുതൽ M വരെ | 505 ച.മീ. | വാണിജ്യാവശ്യം- 100 ച.മീ. മുകളിൽ 500 ച.മീ. വരെയുള്ളവ (ച.മീറ്ററിന് 70/- രൂപ നിരക്ക്)/ 43,340 രൂപ | വാണിജ്യാവശ്യം- 500 ച.മീ. മുകളിൽ (ച.മീറ്ററിന് 90/- രൂപ നിരക്ക്)/54,540 രൂപ[(505x90)+20%] | 11,200/- |
| 3 | 3 | 191 C മുതൽ M വരെ | 226.32 ച.മീ. | വാണിജ്യാവശ്യം- 100ച.മീ. വരെയുള്ളവ (ച.മീറ്ററിന് 40/- രൂപ നിരക്ക്)/ 16457 രൂപ | വാണിജ്യാവശ്യം- 100 ച.മീ. മുകളിൽ 500 ച.മീ. വരെയുള്ളവ (ച.മീറ്ററിന് 70/- രൂപ നിരക്ക്)/ 19,011 രൂപ [(226.32x70)+20%] | 2,554/- |
| ആകെ | | | | | | 36,827/- |

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ മേൽ പട്ടിക പ്രകാരമുള്ള കെട്ടിടങ്ങളിലെ മുറികൾ ഉപയോഗക്രമം മാറ്റി രേഖപ്പെടുത്തിയതിനാൽ നികുതി ഇനത്തിൽ പഞ്ചായത്തിന് 36,827/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2. പഞ്ചായത്തിലെ ഒരു കെട്ടിടത്തിലെ വിവിധ മുറികൾക്ക് കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം എന്നിവ വ്യത്യസ്തമായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിന് ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ തരവും പേരും | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല |
|---|---|---|---|---|
| 1 | 3 | 191 C മുതൽ F വരെ | 5 മീറ്ററോ അതിൽ കൂടുതൽ- തോരായിക്കടവ് റോഡ് | ദ്വിതീയം (10% ഇളവ് അനുവദിച്ചു) |
| 2 | 3 | 191 G മുതൽ M വരെ | 5 മീറ്ററോ അതിൽ കൂടുതൽ- പൂക്കാട് തോരായിക്കടവ് റോഡ് | പ്രഥമം |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 18 /2023-24 തീയതി 20.11.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലുള്ള അപാകതകൾ പഞ്ചായത്തിലെ മറ്റ് കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നതിലും വന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് അപാകതകൾ പരിഹരിച്ച് കൃത്യമായി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9 കെട്ടിട നമ്പർ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുന്നു

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 21.11.2024ന് രാവിലെ 11 ന് LSGD ഓവർസിയർ, വസ്തു നികുതി സെക്ഷൻ ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പരിശോധന നടത്തിയ സ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| 1 | 10/ 7 C വിജയകൃഷ്ണൻ Commercial Building | 1.കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിൽ 4 ടോയ്‌ലറ്റുകൾ നിർമ്മിക്കേണ്ടതുണ്ട്. എന്നാൽ നിലവിൽ 2 ടോയിലറ്റുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്.<br>2.കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഇടത് വശത്ത് ഒരു ഒഴിഞ്ഞ സ്ഥലമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ ഇവിടെ 9.58m X 3.73m വിസ്തൃതിയിൽ ഒരു കെട്ടിടം നിർമ്മിച്ചതായി കണ്ടു. |
| 2 | 14/370 A മുതൽ F വരെ അംജദ്, ഹബീബ് Commercial Building | 1. കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യത്യസ്തമായി കെട്ടിടത്തിന്റെ പുറത്തായി ഇടത് വശത്ത് ഒരു സ്റ്റെയർ കേസ് നിർമ്മിച്ചിട്ടുണ്ട്, സർവീസ് പ്ലാൻ പ്രകാരം ഇവിടെയാണ് ഇരുചക്ര വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം കാണിച്ചിട്ടുള്ളത്.<br>2.കെട്ടിടത്തിന്റെ മുൻഭാഗത്തായാണ് 5 കാറുകൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുള്ളത്. എന്നാൽ മുൻഭാഗം |

| | | |
|---|---|---|
| | | മുഴുവനായും ട്രസ്സ് വർക്ക് ചെയ്ത് അനധികൃത നിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടു. ഈ ഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സൂപ്പർ മാർക്കറ്റിന്റെ സാധനങ്ങൾ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്.<br>3. കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യത്യസ്തമായി കെട്ടിടത്തിന്റെ മുൻവശത്ത് 3.41m X 2.18m വിസ്തൃതിയിൽ വശങ്ങൾ ഗ്രിൽ ഇട്ട് ക്ലോസ് ചെയ്തും ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര ഇട്ടും ഒരു ക്ലോസ്സ് ഏരിയ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്. ഇത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സൂപ്പർമാർക്കറ്റിന്റെ കിച്ചൺ ആയി ഉപയോഗിക്കുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്.<br>4. കെട്ടിടത്തിന്റെ ഇടത് വശത്ത് പുറകിലായി ഷീറ്റ് കൊണ്ട് അനധികൃതമായി നിർമ്മിച്ച ഒരു ക്ലോസ്സ് ഏരിയ കൂടി ശ്രദ്ധയിൽ പെട്ടു. |
| 3 | 7/6 A,B,C,D<br>സലീം പൂക്കാട്ടിൽ<br>Commercial Building | 1. കംപ്ലീഷൻ പ്ലാൻ പ്രകാരം ഡിഫ്രന്റിലി ഏബിൾഡ് ടോയ്‌ലറ്റിലേക്ക് പ്രവേശനം പുറത്ത് നിന്നാണ് വേണ്ടത്; എന്നാൽ നിലവിൽ ഈ ടോയിലറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ക്ലിനിക്കിന്റെ ഉപയോഗാവശ്യാർത്ഥം അകത്ത് നിന്ന് വാതിൽ കൊടുത്ത് മാറ്റിയിട്ടുണ്ട്. |
| 4 | 8/307 C മുതൽ AZ വരെ<br>സമീർ മന്നത്ത്<br>Commercial Building | 1. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ 8 ടോയ്‌ലറ്റുകളും ഫസ്റ്റ് ഫ്ലോറിൽ 4 ടോയ്‌ലറ്റുകളും ഉണ്ട്. എന്നാൽ ഇത് ഒഴിവാക്കി ഈ ഏരിയ കൂടി ഉൾപ്പെടുത്തിയാണ് കെട്ടിടത്തിലെ മുറികൾ നിർമ്മിച്ചിട്ടുള്ളത്.<br>2. കെട്ടിടത്തിനോട് ചേർന്ന് 1.45m X 7m വിസ്തൃതിയിൽ ടോയ്‌ലറ്റുകൾ മറ്റൊരു കെട്ടിടം അനധികൃതമായി കെട്ടിടത്തിന് പുറകിൽ നിർമ്മിച്ചിട്ടുണ്ട്. |
| 5 | 12/492 A,B<br>അഹമ്മദ് കോയ<br>Commercial Building | 1.കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിൽ 4 ടോയ്‌ലറ്റുകൾ നിർമ്മിക്കേണ്ടതുണ്ട്, എന്നാൽ ഇതിൽ 1 ഡിഫ്രന്റിലി ഏബിൾഡ് ടോയ്‌ലറ്റ് മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്.<br>2. കംപ്ലീഷൻ പ്ലാൻ പ്രകാരം ഉള്ള 3 ടോയ്‌ലറ്റുകളുടെ ഭാഗം സ്റ്റോറേജ് ഏരിയയായി ഉപയോഗിക്കുന്നതായി ബോധ്യപ്പെട്ടു.<br>3.കെട്ടിടത്തിന്റെ പുറകിലുള്ള സൈഡ് യാർഡ് മുഴുവനായും ഷീറ്റ് ഇട്ട് ക്ലോസ് ചെയ്ത രീതിയിൽ അനധികൃത നിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടു. |
| 6 | 12/345 A<br>അഹമ്മദ് കോയ<br>Commercial Building | 1. കംപ്ലീഷൻ പ്ലാനിൽ നിന്ന് തീർത്തും വ്യത്യസ്തമായ രീതിയിൽ സെറ്റ് ബാക്ക് ഇല്ലാതെ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ മുഴുവനായും കെട്ടിടം നിർമ്മിച്ചതായി പരിശോധിച്ച് ബോധ്യപ്പെട്ടു.<br>2.കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ കവറേജ് 42.78% ആണ്.എന്നാൽ സ്ഥല പരിശോധനയിൽ കവറേജ് 100% ആണെന്ന് ബോധ്യപ്പെട്ടു. |
| 7. | 3/191 A മുതൽ | 1.കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യത്യസ്തമായി |

| | | |
|---|---|---|
| | M വരെ<br>സുമതി<br>കെ.കെ.<br>Commercial Building | കെട്ടിടത്തിന്റെ മുൻവശത്ത് 2.9m X 6.35 M വിസ്തൃതിയിൽ ഷീറ്റ് ഉപയോഗിച്ച് അനധികൃത നിർമ്മാണം നടത്തുന്നതായി ബോധ്യപ്പെട്ടു.<br>2. കെട്ടിടം സ്ഥിതി ചെയ്യുന്നത് പ്രഥമ മേഘലയിലാണെന്ന് ബോധ്യപ്പെട്ടു. |

മേൽ പരാമർശിച്ച കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കാനും പഞ്ചായത്തിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളിലും അനധികൃത നിർമ്മാണങ്ങൾ നടത്തുന്നുണ്ടോ എന്ന് പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 19/21.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ടവിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് നിയന്ത്രിക്കാനാവാത്തത് പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്. നമ്പർ അനുവദിച്ച ശേഷം ചട്ടവിരുദ്ധമായി അനധികൃത നിർമ്മാണങ്ങൾ നടത്തിയതിന് മേൽ കെട്ടിട ഉടമകൾക്കെതിരെ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് എല്ലാ വാർഡുകളിലും കൃത്യമായ ഇടവേളകളിൽ നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 ഫുട്പാത്ത് നവീകരണം - ഇന്റർലോക്ക് കട്ട വിരിക്കുന്നതിന് അധികനിരക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഫുട്പാത്തുകളിൽ 60mm കനത്തിലുള്ള കോൺക്രീറ്റ് ഇന്റർലോക്കിംഗ് പേവിംഗ് ബ്ലോക്ക് വിരിക്കുന്നതിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 2 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം. / പേര് | 207/24, പാലോട്ടിൽ ഫുട്പാത്ത് | 208/24, കണ്ണവയൽകുനി ഫുട്പാത്ത് |
|---|---|---|
| അടങ്കൽ | 2,57,656/-, CFC(basic) | 1,89,776/-, CFC(basic) |
| ചെലവ് തുക | 1,99,501/-, ബിൽ നം.285/24.2.24 | 1,63,354/-, ബിൽ നം.326/24.2.24 |
| കരാറുകാരൻ | വിശ്വനാഥൻ.കെ | മൂടാടി ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി |

മേൽ പ്രവൃത്തികളിൽ പേവിംഗ് ബ്ലോക്ക് വിരിക്കുന്നതിനായി MORD ലെ ഇനം 6.7.2 ഭേദഗതി വരുത്തി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ വിശദാംശം താഴെ കൊടുക്കുന്നു.

| Code | MR Code | Description | | | Remarks | |
|---|---|---|---|---|---|---|
| | | Unit | Quantity | Rate | Amount | Label |
| | Header Unit | Sqm | Header Quantity | 225.000 | | |

| Code | MR Code | Description | | | Remarks | |
|---|---|---|---|---|---|---|
| | | Unit | Quantity | Rate | Amount | Label |
| Header Details | | | | | | |
| Material | | | | | | M |
| M-378 | | Interlocking Blocks With 60mm Thickness | | | | |
| | | Sqm | 225.00000 | 400.00 | 90000.00 | M1 |
| M-380 | | Cost Of Resin And Hardner Adhesive | | | | |
| | | Kit | 120.00000 | 919.00 | 110280.00 | M2 |
| M-348 | | Sand | | | | |
| | | Cum | 5.42000 | 1453.77 | 7879.43 | M3 |
| M-189 | | Water | | | | |
| | | Kilo Litre | 3.00000 | 13.00 | 39.00 | M4 |
| Labour | | | | | | L |
| L-12 | | Mate | | | | |
| | | Day | 0.90000 | 617.00 | 555.30 | L1 |
| L-29 | | Mazdoor (Unskilled) | | | | |
| | | Day | 15.00000 | 558.00 | 8370.00 | L2 |
| L-10 | | Mason (IInd Class) | | | | |
| | | Day | 7.00000 | 679.00 | 4753.00 | L3 |
| Tools & Plants | | | | | | L |
| P&M-174 | | Water Tanker | | | | |
| | | Hour | 2.00000 | 150.00 | 300.00 | T1 |
| TOTAL | | | 225.000 | Sqm | 222176.73 | |
| UNIT TOTAL | | | 1 | Sqm | 987.45 | |
| Overhead@ 10.00 % | | | | 987.45 | 98.75 | |
| TOTAL | | | | | 1086.20 | |
| Contractors Profit @ 10.00 % | | | | 1086.20 | 108.62 | |
| TOTAL | | | | | 1194.82 | |
| Cost Index@ 36.44 % | | | | 601.56 | 219.21 | |
| TOTAL | | | | | 1414.03 | |

മേൽ ഡാറ്റയിൽ മെറ്റീരിയൽ കോഡ് 380 ആയി രേഖപ്പെടുത്തിയ 'Resin And Hardner Adhesive' എന്ന മെറ്റീരിയൽ ഇന്ററർലോക്കിംഗ് പേവിംഗ് ബ്ലോക്ക് വിരിക്കുന്നതിന് ഉപയോഗിക്കാത്ത ഇനമാണ്. ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുന്നതിനായി അടിസ്ഥാനപ്പെടുത്തിയ 6.7.2 എന്ന ഇനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രസ്തുത മെറ്റീരിയലിന്റെ വിലയായി 1,10,280/-രൂപ ഡാറ്റയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ കരാറുകാരന് അധികനിരക്ക് നൽകാനിടയായിട്ടുണ്ട്. മേൽ ഡാറ്റയിൽ നിന്നും മെറ്റീരിയൽ കോഡ് 380 പ്രകാരമുള്ള ചെലവ് ഒഴിവാക്കിയാൽ ഈയിനത്തിന് നൽകാവുന്ന പരമാവധി നിരക്ക് 821.01/-രൂപയാണ്. തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| TOTAL (222176.73 - 110280) | 225.000 | Sqm | 111896.73 |
| Unit Total – Sqm | 1 | Sqm | 497.31 |
| Overhead@ 10.00 % | | 497.31 | 49.73 |
| TOTAL | | | 547.04 |
| Contractors Profit @ 10.00 % | | 547.04 | 54.70 |
| TOTAL | | | 601.74 |
| Cost Index@ 36.44 % | | 601.74 | 219.27 |
| TOTAL | | | 821.01 |

കരാറുകാരന് നൽകിയ തുകയുടേയും, നൽകാവുന്ന തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഇന്റർലോക്കിംഗ് പേവിംഗ് ബ്ലോക്ക് വിരിക്കുന്നതിന് | ബിൽ പ്രകാരം കരാറുകാരന് | യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|

| | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | നൽകിയ തുക | | |
|---|---|---|---|---|
| 207/24, പാലോട്ടിൽ ഫുട്പാത്ത് | 1214.65/M2 | 124.132 X 1214.65 = 1,50,776.93/- | 124.132 X 821.01 = 1,01,913.61/- | 48,868.32/- |
| 208/24, കണ്ണവയൽക്കുനി ഫുട്പാത്ത് | 1280/M2 | 96.381 X 1280 = 1,23,367.68/- | 96.381 X 821.01 = 79,129.76/- | 44237.92/- |
| | | | Total | 93,106.24/- |
| | | | GST 18% | 16,759.12/- |
| | | | Grand Total | 1,09,865/- |

മുകളിൽ വിവരിച്ച പ്രകാരം പ്രവൃത്തിയിൽ ഉപയോഗിക്കാത്ത മെറ്റീരിയലിന്റെ ചെലവ് ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയതിനാൽ കരാറുകാരന് അധികനിരക്ക് അനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/20.11.24) അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ ലേബർ ചാർജ്, ട്രാൻസ്പോർട്ടേഷൻ ചാർജ്, മെറ്റീരിയലിന്റെ വില എന്നിവ സൈറ്റിൽ നേരിട്ട് പോയി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതെന്നും കളേർഡ് പിഗ്മെന്റോട് കൂടിയ ഇന്റർലോക്ക് ആണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ ഉപയോഗിക്കാത്ത 'Resin And Hardner Adhesive' എന്ന മെറ്റീരിയൽ ഒബ്സർവ്ഡ് ഡാറ്റയിൽ ഉൾപ്പെടുത്തിയതിനാലാണ് നിരക്കിൽ വർദ്ധനവ് വന്നിട്ടുള്ളത്. ഇതിനെക്കുറിച്ച് ഒന്നും തന്നെ മറുപടിയിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടി അംഗീകരിക്കാൻ കഴിയില്ല. പ്രവൃത്തിയിൽ ഉപയോഗിക്കാത്ത മെറ്റീരിയലിന്റെ ചെലവ് ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം വന്ന 1,09,865/-രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-11 അങ്കണവാടി അറ്റകുറ്റപ്പണി - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിലെ ഉമ്മർക്കണ്ടി അങ്കണവാടിയുടെ എക്സ്റ്റൻഷൻ, അറ്റകുറ്റപ്പണി എന്നിവയ്ക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 2 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം. /പേര് | 29/24, ഉമ്മർക്കണ്ടി അങ്കണവാടി എക്സ്റ്റൻഷൻ | 14/24, അങ്കണവാടികളുടെ അറ്റകുറ്റപ്പണി |
|---|---|---|
| അടങ്കൽ | 7,47,470/-, CFC(basic) 152530/-, തനതുഫണ്ട് ആകെ - 9,00,000/- | 23,36,797/-/-, സംരക്ഷണഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് തുക | 4,54,929/-, ബിൽ നം.251/24.1.24 | 10,67,009/-, ബിൽ നം.357/19.3.24 |
| കരാറുകാരൻ | വിശ്വനാഥൻ.കെ | വിശ്വനാഥൻ.കെ |

ഉമ്മർക്കണ്ടി അങ്കണവാടി കെട്ടിടത്തിന്റെ എക്സ്റ്റൻഷന് വേണ്ടിയാണ് പ്രൊജക്ട് 29/24 തയ്യാറാക്കിയത്. ഉമ്മർക്കണ്ടി അങ്കണവാടി ഉൾപ്പെടെ 4 അങ്കണവാടികളുടെ

അറ്റകുറ്റപ്പണിക്കാണ് 14/24നമ്പർ പ്രൊജക്ട് തയ്യാറാക്കിയത്. 2 പ്രവൃത്തികളുടെയും എസ്റ്റിമേറ്റിൽ സോളിഡ് ബ്ലോക്കുപയോഗിച്ച് ചുമർ നിർമ്മിക്കുന്ന ഇനം ഉൾപ്പെട്ടിട്ടുണ്ട്. സോളിഡ് ബ്ലോക്കുപയോഗിച്ച് ചുറ്റുമതിൽ, കിച്ചൻ സ്റ്റെപ്പ്, കിച്ചൻ സ്ലാബ് സപ്പോർട്ട് എന്നിവ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് പ്രൈസിലെ ഒബ്സേർവ്ഡ് ഡാറ്റ 50.6.1.3 ആണ്. ഈ ഇനത്തിന്റെ വിവരണം പരിശോധിച്ചാൽ ഫ്ലോർ 2 ലെവലിന് മുകളിൽ ഫ്ലോർ 5 ലെവൽ വരെയുള്ള സൂപ്പർസ്ട്രക്ചർ നിർമ്മാണത്തിനുള്ള നിരക്കാണിതെന്ന് കാണാം. പ്ലിന്ത് ലെവൽ മുതൽ ഫ്ലോർ 2 ലെവൽ വരെയുള്ള നിർമ്മാണത്തിന് ഇനം 50.6.1.2 ആണ് ഉപയോഗിക്കേണ്ടത്. മേൽ പ്രവൃത്തികളിൽ 2018 DSR നിരക്കിൽ 36.44% കോസ്റ്റ് ഇൻഡക്സിൽ ഇനം 50.6.1.2ന് വേണ്ടി വരുമായിരുന്ന നിരക്ക് 6623.01/-രൂപയാണ്. അതിന് പകരം 7622.26/-രൂപ നിരക്കുള്ള ഇനം 50.6.1.3 ഉൾപ്പെടുത്തിയതിനാൽ അധിക നിരക്ക് കരാറുകാരന് ലഭിച്ചു. (പ്രൊജക്ട് 14/24ൽ മറ്റ് 3 അങ്കണവാടികളുടെയും പ്രവൃത്തിയിൽ ചുമർ നിർമ്മിക്കുന്നതിന് 50.6.1.2 ആണ് ഉൾപ്പെടുത്തിയത്. പ്രസ്തുത ഇനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് 7285.31/-രൂപയാണ്.) കരാറുകാരന് നൽകിയ തുകയുടേയും, നൽകാവുന്ന തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഇനം 50.6.1.3ന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | ബിൽ പ്രകാരം കരാറുകാരന് നൽകിയ തുക | യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 29/24, ഉമ്മർക്കണ്ടി അങ്കണവാടി എക്സ്റ്റൻഷൻ | 7385.96/M3 | 5.565 X 7385.96 = 41,102.87/- | 5.565 X 6623.01 = 36,857.05/- | 4,245.82/- |
| 14/24, അങ്കണവാടികളുടെ അറ്റകുറ്റപ്പണി | 8384.48/M2 | 7.836 X 8384.48 = 65,700.79/- | 7.836 X 7285.31 = 57087.69/- | 8,613.10/- |
| | | | Total | 12,858.92/- |
| | | | GST 18% | 2,314.60/- |
| | | | Grand Total | 15,173/- |

മുകളിൽ വിവരിച്ച പ്രകാരം തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കരാറുകാരന് അധികനിരക്ക് അനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/20.11.24) അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ നഷ്ടതുക മേൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഫൈനൽ ബില്ലിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും 15,173/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-12 തേനീച്ച കൃഷി -ക്വട്ടേഷൻ നിരക്കിനെക്കാൾ കൂടിയ തുക അനുവദിച്ചു

**പ്രോജക്റ്റ് നമ്പർ-101/23-24**

അടങ്കൽ -66500 (33250 (വികസന ഫണ്ട്-ജനറൽ) + 33250 (ഗുണഭോക്തൃ വിഹിതം)

ചെലവ് -66500 (33250 (ബിൽ സാങ്ഷൻ നമ്പർ-398/23.3.24) + 33250 (ബിൽ സാങ്ഷൻ നമ്പർ-301/1.3.24))

തേനീച്ച വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിന് ബീ കോളനി വിത്ത് ഹൈവ്, ബീ ഹൈവ് സ്റ്റാന്റ് (38 എണ്ണം വീതം) എന്നിവ ഹോർട്ടികോർപ്പിൽ നിന്ന് മേൽ പദ്ധതി പ്രകാരം വാങ്ങിയിട്ടുണ്ട്. ഇവ 38 എണ്ണം വീതം വാങ്ങിയെങ്കിലും വിതരണ ലിസ്റ്റിൽ 19 പേർ മാത്രമാണ് ഒപ്പ് വച്ചിട്ടുള്ളത്. ഓരോ കർഷകനും എത്ര എണ്ണം വീതമാണ് വിതരണം ചെയ്തതെന്ന് വിതരണ ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല. തേനീച്ചയും കൂടും പദ്ധതിക്ക് ജില്ലാതല ടെക്നിക്കൽ കമ്മറ്റി അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് 1750/- യാണ്. ക്വട്ടേഷനിൽ യൂണിറ്റ് കോസ്റ്റിനെക്കാൾ കുറഞ്ഞ നിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ

കൊട്ടേഷൻ പ്രകാരമുള്ള തുകയേക്കാൾ കൂടിയ നിരക്കാണ് 10.11.23 ലെ ഇൻവോയിസിൽ കാണിച്ചിട്ടുള്ളത്. ഇത് പ്രകാരമുള്ള 66500/-രൂപയാണ് മേൽ ബിൽ പ്രകാരം ഹോർട്ടികോർപ്പിന് നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വില (ക്വട്ടേഷൻ പ്രകാരം) | വില (ഇൻവോയിസ് പ്രകാരം) |
|---|---|---|---|
| 1 | ബീ കോളനി വിത്ത് ഹൈവ് | 1200 | 1500 |
| 2 | ബീ ഹൈവ് സ്റ്റാന്റ് | 200 | 250 |
| | ആകെ | 1400 | 1750 |

കൊട്ടേഷൻ പ്രകാരമുള്ള തുക ഒരു യൂണിറ്റിന് 1400/- രൂപ മാത്രമാണ്. ബീ കോളനി വിത്ത് ഹൈവ്, ബീ ഹൈവ് സ്റ്റാന്റ് (38 എണ്ണം വീതം) എന്നിവ വാങ്ങുന്നതിന് 1400x38=53200/- രൂപയേ നൽകേണ്ടതുള്ളൂ. എന്നാൽ ആയത് പരിഗണിക്കാതെ ജില്ലാതല ടെക്നിക്കൽ കമ്മറ്റി അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് നിരക്കാണ് (ഒരു യൂണിറ്റിന് 1750 രൂപ) ഇവിടെ അനുവദിച്ചിട്ടുള്ളത്. ക്വട്ടേഷൻ നിരക്കിനേക്കാൾ കൂടിയ നിരക്ക് അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതും മുഴുവൻ യൂണിറ്റുകളും വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 19 ഗുണഭോക്താക്കൾക്ക് തേനീച്ച കോളനിയോടു കൂടിയുള്ള പെട്ടി (2 എണ്ണം), കാലി തേനീച്ചപെട്ടി (2 എണ്ണം), തേനീച്ചപ്പെട്ടി സ്ഥാപിക്കുന്നതിനുള്ള സ്റ്റാന്റ് (2 എണ്ണം) എന്നിവ നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണെന്നും, പദ്ധതി നടത്തിപ്പ് ഫലപ്രദമാക്കുന്നതിന് കാലി തേനീച്ചപ്പെട്ടി കൂടി അത്യാവശ്യമായതിനാലാണ് ആയത് കൂടി ലഭ്യമാക്കിയത് എന്നും തേനീച്ച കോളനിയോടു കൂടിയുള്ള പെട്ടി (1200 രൂപ), കാലി തേനീച്ചപെട്ടി (600 രൂപ), തേനീച്ചപ്പെട്ടി സ്ഥാപിക്കുന്നതിനുള്ള സ്റ്റാന്റ് (200 രൂപ) എന്നിങ്ങനെ ആകെ 2000/- രൂപ എന്നതായിരുന്നു ഹോർട്ടികോർപ്പ് യഥാർത്ഥത്തിൽ ക്വാട്ട് ചെയ്ത നിരക്ക് എന്നും, യൂണിറ്റ് കോസ്റ്റ് 1750/- രൂപയാണെന്ന നിബന്ധന മുൻനിർത്തി ഹോർട്ടികോർപ്പുമായി നെഗോഷിയേറ്റ് ചെയ്ത തുക 1750/-യിലേക്ക് കുറച്ച് ബിൽ വാങ്ങിച്ചതാണ് എന്നും, ഇത്തരം രണ്ട് യൂണിറ്റുകളാണ് വിതരണം ചെയ്തത് എന്നും, ഹോർട്ടികോർപ്പ് നൽകിയ ബില്ലിൽ കാലിപ്പെട്ടി പരാമർശിക്കാത്തതാണ് അന്വേഷണക്കുറിപ്പിന് ഇടയാക്കിയത് എന്നുമാണ് മറുപടി നൽകിയത്. ഹോർട്ടികോർപ്പ് നൽകിയ ക്വട്ടേഷനിൽ കാലിപ്പെട്ടിക്ക് 600/- രൂപ ക്വാട്ട് ചെയ്തിരുന്നെങ്കിലും ഒറിജിനൽ ബില്ലിൽ കാലി തേനീച്ചപെട്ടി ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ തേനീച്ചപ്പെട്ടി സ്ഥാപിക്കുന്നതിനുള്ള സ്റ്റാന്റ് ക്വട്ടേഷൻ പ്രകാരവും ബിൽ പ്രകാരവും 250 രൂപ എന്നുള്ളത് 200 രൂപ എന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ക്വട്ടേഷനിൽ കാണിച്ചിരിക്കുന്നതിനേക്കാൾ അധികമായി നൽകിയ 13300 രൂപ (66500-53200) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കൾക്ക് കാലിപ്പെട്ടി വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന ചിത്രങ്ങൾ, ഗുണഭോക്താക്കളുടെ രസീത് ഹോർട്ടികോർപ്പിന്റെ ബിൽ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിഫിക്കേഷൻ - കരാറുകാരന് രണ്ടു തവണ തുക നൽകിയതിനാൽ അധിക ചെലവ്, കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയതിന്റെ വിശദാംശം ലഭ്യമല്ല

പ്രോജക്റ്റിന്റെ പേര്- 178/24വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ (സ്പിൽ ഓവർ)

വകയിരുത്തിയ തുക- 843230 (500000 വികസന ഫണ്ട്+343230തനത് ഫണ്ട്)

ചെലവഴിച്ച തുക - 843230 (500000 സി.എഫ്.സി.ടൈഡ്+307979തനത് ഫണ്ട്)

ബിൽ നം/തുക - A)318/5-3-24- 145818/-,19/5-3-24- 162161/- (തനത് ഫണ്ട്)

B)37/24-6-23-76680/-, 38/24-6-23 – 167239/-,39/24-6-23-167594/-

319/5-3-24-75542/-, 320/5-3-24-12945/- (സി.എഫ്.സി.ടൈഡ് ഗ്രാന്റ്)

നിർവ്വഹണം- സെക്രട്ടറി

മേൽ പദ്ധതി പ്രകാരം വാളാർ കുന്ന്, വഴുതിനപ്പാടം, ചീനച്ചേരി, മുത്താച്ചിക്കുന്ന് , പൊൻതോട്ടക്കുന്ന് എന്നീ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 843230/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ മുഖേന പ്രവൃത്തി ഏറ്റെടുത്ത് ചെയ്തത് ശ്രീ നൈജുൽ രാജ് എന്ന ഇലക്ട്രിക്കൽ കരാറുകാരനാണ്. പ്രവൃത്തി ബില്ലുകൾ പ്രകാരം ആകെ ചെലവ് 843230/- രൂപയാണ്. ചെലവ് തുക മേൽ കാണിച്ച ബില്ലുകൾ പ്രകാരം സി.എഫ്.സി.ടൈഡ് ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. ഇതിൽ ബിൽ നം- 320/5-3-24 പ്രകാരം വഴുതിനപ്പാടം കുടിവെള്ള പദ്ധതി ഇലക്ട്രിക്കൽ പ്രവൃത്തിക്ക് 12945/- രൂപ സി.എഫ്.സി ഗ്രാന്റിൽ നിന്നും പിൻവലിച്ച് ശ്രീ നൈജുൽ രാജിന് നൽകിയിട്ടുണ്ട്. ഇതിനു പുറമെ ചെക്ക് നം. 6258533/25-3-24(GPG) മുഖേന തനത് ഫണ്ടിൽ നിന്നും ഇതേ പ്രവൃത്തിക്ക് 12945/- രൂപ പിൻവലിച്ച് ഇതേ കരാറുകാരന് വീണ്ടും നൽകിയിട്ടുണ്ട്. അതു വഴി കരാറുകാരന് 12945/- രൂപ അധികം നൽകാനിടയായിട്ടുണ്ട് എന്ന് കാണുന്നു. കൂടാതെ മേൽ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

കരാറുകാരന് രണ്ടുതവണ ഒരേ തുക നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.10/20-11.24) മറുപടി സമർപ്പിച്ചിട്ടില്ല. അധികം നൽകിയ 12945/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ മേൽ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ഡ്രൈനേജ് കവറിംഗ് സ്ലാബ് നിർമ്മിക്കുന്നതിന് തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിലെ വയൽപിള്ളി അഴീക്കൽ റോഡ്, പൂക്കാട് കാപ്പാട് റോഡ് മഖാം പള്ളി ഭാഗം, നെടുവയൽകോളനി റോഡ് എന്നിവിടങ്ങളിലെ ഡ്രൈനേജ് നവീകരിക്കുന്നതിന് 2022-23 വർഷം ആരംഭിച്ച പദ്ധതികൾ സ്പിൽ ഓവറായി 153/24, 167/24 നമ്പറുകളിലായി ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുണ്ട്. മണ്ണ് പ്രവൃത്തി, ഡ്രെൻ ബെഡ്, ഡ്രെൻ സൈഡ് വാൾ, ഡ്രെയിൻ കവറിംഗ് സ്ലാബ് എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. Grade M25 ലുള്ള RCC കവറിംഗ് സ്ലാബ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് MORD ലെ ഇനം 13.1.2 (Providing And Laying Reinforced Cement Concrete In Superstructure As Per Drawing And Technical Specifications Clauses 800, 1205.4 And 1205.5 R.C.C M 25) ആണ്. ഈ ഇനത്തിന്റെ വിവരണം പരിശോധിച്ചാൽ സൂപ്പർസ്ട്രക്ചർ കോൺക്രീറ്റിനുള്ള നിരക്കാണിതെന്ന് കാണാം. Grade M25 ലുള്ള കവറിംഗ് സ്ലാബ് നിർമ്മാണത്തിന് സബ്സ്ട്രക്ചർ കോൺക്രീറ്റിനുള്ള ഇനം 12.5.4 (Plain/reinforced Cement Concrete In Substructure Complete As Per Drawings And Technical Specification Clauses 802, 804, 805, 806, 807, 1202 Ans 1204 Forheight Upto 5m IV. R.C.C. Grade M 25) ആണ് ഉപയോഗിക്കേണ്ടത് എന്നിരിക്കെ സൂപ്പർസ്ട്രക്ചർ നിർമ്മാണത്തിന്റെ ഇനം തെരെഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല. 36.44% കോസ്റ്റ് ഇൻഡക്സിൽ ഇനം 12.5.4ന് വേണ്ടി വരുമായിരുന്ന നിരക്ക് 9634.80രൂപയാണ്. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം 13.1.2ന്റെ നിരക്ക് 10470.86 രൂപയാണ്. (മേൽ പറഞ്ഞ 2 പ്രവൃത്തികളിൽ കരാറുകാർ ക്വാട്ട് ചെയ്ത നിരക്ക് യഥാക്രമം 9203/-, 9056.55/- എന്നിങ്ങനെയാണ്. ഇത് 12.5.4 പ്രകാരമുള്ള നിരക്കിനേക്കാൾ കുറവായതിനാൽ ഗ്രാമപഞ്ചായത്തിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടില്ല.) തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.16/20.11.24) അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ മേൽ

പ്രവൃത്തികളിൽ കവറിംഗ് സ്ലാബുകളിൽ ചിലത് ഗ്രൗണ്ട് ലെവലിനേക്കാൾ ഉയരത്തിലും ചിലത് ഗ്രൗണ്ട് ലെവലിലുമായതിനാൽ ആണ് സൂപ്പർസ്ട്രക്ചർ കോൺക്രീറ്റിനുള്ള നിരക്ക് ഉൾപ്പെടുത്തിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇനം 13.1.2ന്റെ ഡാറ്റ പരിശോധിച്ചാൽ 5m ഉയരത്തിൽ സ്റ്റേജിംഗ് നിർമ്മിക്കുന്നതിനായി 20% തുക ഉൾപ്പെടുത്തിയതായി കാണാം. കവറിംഗ് സ്ലാബ് നിർമ്മാണത്തിൽ സ്റ്റേജിംഗ് ആവശ്യമില്ലാത്തതിനാൽ തന്നെ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. ആവശ്യകതയില്ലാതിരുന്നിട്ടും സ്റ്റേജിംഗിനുള്ള തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 പൊതു ഇടങ്ങളിൽ പോർട്ടബിൾ സി.സി.ടി.വി സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് - 232/24 പൊതു ഇടങ്ങളിൽ പോർട്ടബിൾ സി.സി.ടി.വി
വകയിരുത്തിയ തുക- 30000 (മറ്റുള്ളവ -സി.എസ്.ആർ ഫണ്ട്)
ചെലവഴിച്ച തുക/ബിൽ സാങ്ഷൻ നം- 13000/- 541/31-3-24 (പാർട്ട് ബിൽ)
മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

**1. ക്വട്ടേഷനിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങി**

പഞ്ചായത്തിൽ മാലിന്യം തള്ളുന്നു എന്ന് സംശയം ഉണ്ടാക്കുന്ന സ്ഥലങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. Techlink IT Solutions, കൊയിലാണ്ടി, Ten By Ten Solutions, Chelavur, SHAJS COMPUTER, കൊയിലാണ്ടി എന്നീ മൂന്നു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (29508 രൂപ) Techlink IT Solutions, കൊയിലാണ്ടി എന്ന സ്ഥാപനത്തെ സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള ഏജൻസിയായി തെരഞ്ഞെടുത്തു (പഞ്ചായത്ത് തീരുമാനം നം.1/4 Dt.15-2-24) . തുടർന്ന് 550/13-3-24 ഇൻവോയ്സ് പ്രകാരം 29500/- രൂപയ്ക്ക് സ്ഥാപനത്തിൽ നിന്നും സി.സി.ടി.വി വാങ്ങിയിട്ടുണ്ട്. സി.സി.ടി.വി വാങ്ങിയതിന്റെ ഇൻവോയ്സ് പരിശോധിച്ചപ്പോൾ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ ഇനങ്ങളല്ല പ്രോജക്ട് പ്രകാരം വാങ്ങിയതെന്ന് കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്വട്ടേഷൻ പ്രകാരം | | | ഇൻവോയ്സ് പ്രകാരം | | |
|---|---|---|---|---|---|
| Item Name | Quantity | Price | Item Name | Quantity | Price |
| Hikivision Up To 4mp 4ch Dvr | 1 | 4718 | CCTV Hixcure 4G Solar PT Camera HX SD40L3-4G SLR | 1 | 12800 |
| Hik 5mp Camera | 4 | 7800 | CCTV Hixcure 4G Solar PT Camera HX SD40L3-4G SLR | 1 | 12800 |
| 1tb Hard Disk | 1 | 3600 | Memory Card CP Plus 128 | 1 | 1950 |
| 4 Ch Smps | 1 | 650 | Memory Card CP Plus 128 | 1 | 1950 |
| Bnc | 40 | 320 | | | |
| Dc | 4 | 160 | | | |
| Camera Box | 4 | 160 | | | |
| Monitor 15.6 | 1 | 2600 | | | |
| Cable With Material | 100 | 7500 | | | |
| Installation | 4 | 2000 | | | |
| ആകെ | | 29508 | | | 29500 |

അംഗീകരിച്ച ക്വട്ടേഷനിൽ കാണിച്ച ഇനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഇനങ്ങളാണ് സ്ഥാപനം സപ്ലൈ ചെയ്തിട്ടുള്ളത്.

**2. വാങ്ങിയ സി.സി.ടി.വി നാളിതുവരെ സ്ഥാപിച്ചിട്ടില്ല**

വാങ്ങിയ സി.സി.ടി.വിയിൽ ഒരെണ്ണം എം.സി.എഫിൽ സ്ഥാപിച്ചതായി

ഹരിതകർമ്മസേന സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സി.സി.ടി.വി ലഭ്യമാക്കി എട്ടുമാസത്തോളമായിട്ടും ഓഡിറ്റ് തീയതി വരെ ഒരെണ്ണം സ്ഥാപിക്കാതെ ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. സി.സി.ടി.വിയുടെ വാറന്റി കാലയളവ് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. ഉപകരണം സ്ഥാപിക്കാത്തതിനാൽ വാറണ്ടി കാലയളവിലുള്ള ഫ്രീ സർവ്വീസ് നഷ്ടപ്പെടാൻ ഇടയാകും.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/18-11.24) മറുപടി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച ക്വട്ടേഷനിൽ കാണിച്ച ഇനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഇനങ്ങൾ വാങ്ങിയതു വഴി 8-11-2010ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ തന്നെ ലംഘിച്ചിരിക്കുകയാണ്. വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു. അപാകതകൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതും സ്ഥാപിക്കാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന സി.സി.ടി.വി അനുയോജ്യമായ ഇടത്ത് സ്ഥാപിച്ച് ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 13000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-16 തൊഴിലുറപ്പ് പദ്ധതി - സിമന്റിന് പരമാവധി വിലയേക്കാൾ ഉയർന്ന നിരക്ക് നൽകുന്നു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും മെറ്റീരിയലുകൾ വാങ്ങി പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.8.2022 ലെ NREGA/24/2022-A3 നമ്പർ കത്ത്, 08.07.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടി ക്രമം എന്നിവ പ്രകാരം SECURE സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് അതേപടി വെണ്ടർമാർക്ക് നൽകുന്നത് വിലക്കികൊണ്ട് നിർദ്ദേശം നൽകിയിരുന്നു. സിമന്റ് ഒരു പാക്ക്ഡ് കമ്മോഡിറ്റി ആയതിനാൽ മാർക്കറ്റ് വിലയേ നൽകേണ്ടതുള്ളൂവെന്നും, ടെണ്ടർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ വിതരണം ചെയ്യുന്ന സിമന്റ് ബ്രാൻഡിന്റെ പേര്(വ്യത്യസ്ത ബ്രാൻഡുകൾക്ക് വ്യത്യസ്ത വിലയായതിനാൽ), യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ തുക നൽകിയ വിവിധ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ വെണ്ടർമാർ സമർപ്പിച്ച ജി.എസ്.ടി ബില്ലുകളിലൊന്നും സിമന്റ് ബ്രാൻഡിന്റെ പേര് രേഖപ്പെടുത്തുന്നില്ല. കൂടാതെ ജി.എസ്.ടി. ബില്ലിൽ രേഖപ്പെടുത്തുന്നത് ടെണ്ടറിൽ അവർ രേഖപ്പെടുത്തിയ നിരക്കാണ്. ഓഡിറ്റിന് വിധേയമാക്കിയ വിവിധ പ്രവൃത്തികളിൽ ഒരു ടൺ സിമന്റിന്റെ വില 11520/- രൂപയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ഇതു പ്രകാരം ഒരു ചാക്ക് സിമന്റിന് 576/- രൂപയാണ് വില വരുക. സാമിമഠം ഫുട്ലാത്ത്, കിഴക്കേ മരക്കാട്ട് - പാണ്ടികശ്ശാലത്തറമ്മൽ റോഡ് നിർമ്മാണം, അഴീക്കൽ പാലം മുതൽ അഴീക്കൽ വരെ നടപ്പാത നിർമ്മാണം എന്നീ പ്രവൃത്തികളിൽ കരാറുകാരന് ഒരു ടൺ സിമന്റിന് 10500 രൂപ നിരക്കിലാണ് നൽകിയിട്ടുള്ളത്. അതായത് ഒരു ചാക്ക് സിമന്റിന് 525/- രൂപ. എന്നാൽ മാർക്കറ്റിൽ ഒരു ചാക്ക് സിമന്റിന് ഈ വിലയില്ലായെന്നിരിക്കെ വിതരണം ചെയ്ത സിമന്റ് ഏതു ബ്രാൻഡാണെന്ന് ഉറപ്പാക്കാതെയും, യഥാർത്ഥ വില അന്വേഷിക്കാതെയും വെണ്ടർമാർക്ക് തുക അനുവദിക്കുന്നത് എന്തടിസ്ഥാനപ്പെടുത്തിയാണെന്ന് വ്യക്തമല്ല. മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ സിമന്റിന് വെണ്ടർമാർ ആവശ്യപ്പെടുന്ന നിരക്കിൽ തുക നൽകുന്നത് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/20.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി നൽകേണ്ടതാണ്.

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് - 114/24 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ)

വകയിരുത്തിയ തുക- 400000(വികസന ഫണ്ട് -എസ്.സി.പി)

ചെലവഴിച്ച തുക - 299176

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ചെലവ് വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ/തുക |
|---|---|---|
| 1 | ശ്രീ. പ്രഭാകരൻ.പി | 451/24-3-24 - 50000<br>478/24-3-24 - 40000<br>479/24-3-24 - 80000<br>480/24-3-24 - 30000<br>ആകെ 200000 |
| 2 | ശ്രീ .ശിവദാസൻ.ടി.പി | 451/24-3-24 – 50000<br>503/25-3-24 - 40000<br>505/25-3-24 – 9176<br>ആകെ 99176 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തൃതി ഉറപ്പാക്കുന്നില്ല**

സ.ഉ(കൈ) നം.115/22/ത.സ്വ.ഭ.വ തീയതി 28.05.22 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.13 പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠന മുറിയാണ് നിർമ്മിക്കേണ്ടത്. ഈ വിസ്തൃതിയിൽ നിർമ്മാണം നടത്താൻ ആവശ്യമായ സ്ഥലസൗകര്യമില്ലാത്ത സാഹചര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ 100 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തൃതിയിൽ പഠന മുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്. അതായത് പഠനമുറിയുൾപ്പെടെ വീടിന്റെ പരമാവധി വിസ്തീർണ്ണം 920 ചതുരശ്ര അടിയായിരിക്കണം. ശ്രീ. പ്രഭാകരൻ.പി എന്നയാൾ സമർപ്പിച്ച ബിൽഡിംഗ് പെർമിറ്റ് പരിശോധിച്ചതിൽ വീടിന്റെ നിലവിലുള്ള വിസ്തൃതി 800 ചതുരശ്ര അടിയിൽ കൂടുതൽ ഉണ്ടെന്ന് കാണുന്നു. ഇവിടെ നിലവിലുള്ള വീടിന്റെ വിസ്തൃതി 986.95 ചതുരശ്ര അടിയും നിർമ്മിക്കുന്ന പഠന മുറിയുടെ വിസ്തൃതീ 116.25ചതുരശ്ര അടിയും പഠനമുറിയുൾപ്പെടെ വീടിന്റെ വിസ്തീർണ്ണം 1103.25 ചതുരശ്ര അടിയുമാണ്. ശ്രീ.ശിവദാസൻ.ടി.പി എന്നവരുടെ വീടിന്റെ നിലവിലുള്ള വിസ്തൃതി, നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തൃതി എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ തന്നെ വിസ്തൃതി സംബന്ധിച്ച് സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നത് ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**2. കരാർ വച്ച ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയില്ല.**

പ്രൊജക്ട് പ്രകാരം 2023-24 എന്നീ വർഷം എഗ്രിമെന്റ് വച്ച് തുക കൈപ്പറ്റിയ ശ്രീ . ശിവദാസൻ.ടി.പി എന്ന ഗുണഭോക്താവ് ഓഡിറ്റ് തീയതി വരെയും പഠനമുറി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. ടിയാൻ ആകെ കൈപ്പറ്റിയത് 99176 രൂപയാണ്. അവസാന ഗഡു കൈപ്പറ്റിയത് 25-3-24 നാണ് .

3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പഠനമുറിയുടെ വൈദ്യുതീകരണ പ്രവൃത്തികളുൾപ്പെടെ നിർമ്മാണത്തിന് നൽകാവുന്ന പരമാവധി ധനസഹായം രണ്ടു ലക്ഷം രൂപയാണ്. സ.ഉ.(സാധാ) നം.1877/2023/LSGD/21.9.23 ഉത്തരവ് പ്രകാരം 4 ഗഡുക്കളായി തുക അനുവദിക്കാവുന്നതാണ്. എന്നാൽ ആനുകൂല്യം നൽകുന്ന ഗുണഭോക്താക്കൾക്ക് എത്ര ഗഡു തുക നൽകിയെന്നതും, നിർമ്മാണഘട്ടം വീക്ഷിക്കുന്നതിനും തക്കവണ്ണം

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കളുടെ നിർമ്മാണ ഘട്ടത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

4. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ ശ്രീ. പ്രഭാകരൻ.പി എന്ന ഗുണഭോക്താവ് പഠനമുറി തൃപ്തികരമായി പൂർത്തീകരിച്ചതായുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയസാക്ഷ്യപത്രമില്ലാതെയാണ് ഗുണഭോക്താവിന് അവസാന ഗഡു അനുവദിച്ചിട്ടുള്ളത്.

5. മേൽ ഉത്തരവ് പ്രകാരം പഠനമുറി നിർമ്മിക്കുന്നതിന് 50000 രൂപ മുൻകൂറായി നൽകാം. 75000 രൂപ വീതമുള്ള രണ്ടു ഗഡുക്കളായി തുടർന്നുള്ള ധനസഹായം അനുവദിക്കാം. ഇവിടെ ശ്രീ. പ്രഭാകരൻ.പി എന്ന ഗുണഭോക്താവിന് 4 ഗഡുവായി 200000 രൂപയും ഒറ്റ തീയ്യതിയിലാണ് (24-3-24) നൽകിയിരിക്കുന്നത്. രണ്ടാമത്തെ ഗുണഭോക്താവായ ശ്രീ.ശിവദാസൻ.ടി.പി യ്ക്ക് 99716/- രൂപ 3 ഗഡുവായി നൽകിയിരിക്കുന്നത് 24-3-24, 25-3-24 എന്നിങ്ങനെ തൊട്ടടുത്ത ദിവസങ്ങളിലായാണ്.

6. മേൽ ഉത്തരവ് പ്രകാരം 25000 രൂപയിൽ കൂടുതൽ ആനുകൂല്യം വാങ്ങുന്ന ഗുണഭോക്താക്കളിൽ നിന്നും നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മുദ്ര പത്രത്തിൽ എഗ്രിമെന്റ് വാങ്ങി വയ്ക്കേണ്ടതാണ്. രണ്ടു ഗുണഭോക്താക്കളിൽ നിന്നും നിബന്ധനകൾ ഉൾപ്പെടുത്താത്ത ശൂന്യമായ മുദ്രപത്രമാണ് വാങ്ങി ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/20-11.24) മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 299176/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 വിവിധ ഏജൻസികൾക്ക് തുക നൽകി -പൂർത്തീകരണം,വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

2023-24 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത ഏജൻസികൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു:

| ക്രമ നം | പദ്ധതിയുടെ നമ്പർ/ പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ, തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 151/24 തലക്കുളത്തൂർ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ | 50000 (തനത് ഫണ്ട്) | 256/ 31-1-24 | തുക കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി. പ്രവർത്തി പൂർത്തീകരണം , വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. |
| 2 | 4/24 എ.ബി.സി പ്രോഗ്രാം | 50000 (വികസന ഫണ്ട്) | 477/ 24-3-24 | തുക കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി. പദ്ധതി പൂർത്തീകരണം , വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. |
| 3 | 124/24 എ.ബി.സി.സെന്റർ പൂർത്തീകരണം | 50000 (തനത് ഫണ്ട്) | 216/ 21-12-23 | തുക കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് |

| | | | | |
|---|---|---|---|---|
| | | | | കൈമാറി. സെന്ററുകളുടെ പ്രവൃത്തി പൂർത്തീകരണം, തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. |
| 4 | 180/24 പുതിയ സ്ട്രീറ്റ് മെയിൻ വലിക്കൽ (സ്പിൽ ഓവർ) | 991589 (വികസന ഫണ്ട് ) | 3/ 8-5-23 | കെ.എസ്.ഇ.ബി കൊയിലാണ്ടി സെക്ഷന് തുക കൈമാറി. 2-5-23ന് കെ.എസ്.ഇ.ബിയുമായി വച്ച എഗ്രിമെന്റ പ്രകാരം പ്രവൃത്തി 2023 ജൂലൈ 1ന് ആരംഭിച്ച് 2024 മാർച്ച 31 ന് പൂർത്തിയാക്കുന്നതാണ്. പൂർത്തീകരണം ,വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. |
| | ആകെ | 1141589 | | |

മേൽ പദ്ധതികൾ/പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 12/2023-24 തീയതി 20-11-24) മറുപടി നൽകിയിട്ടില്ല. പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് നൽകുന്നതുവരെ ചെലവ് തുക 1141589 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-19 വാർഡ് സാനിറ്റേഷൻ പ്രവർത്തനങ്ങൾക്ക് തുക നൽകി - ചെലവ് വിവരങ്ങൾ ലഭ്യമല്ല

വൗച്ചർ നം.22300469 തീയതി 1.9.2023 പ്രകാരം ഗ്രാമപഞ്ചായത്തിലെ വാർഡ് സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കായി 10000 രൂപ വീതം 20 വാർഡുകളിലെ ശുചിത്വകമ്മിറ്റികൾക്ക് നൽകിയിട്ടുണ്ട്. ജി.ഒ. (ആർ.ടി) നമ്പർ 650/2007/ എച്ച്.ആൻഡ്.എഫ്.ഡബ്ല്യൂ.ഡി തീയതി 24.2.2007പ്രകാരമുള്ള വാർഡ് തല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ രൂപീകരണവും സ്വതന്ത്രവിനിയോഗ ഫണ്ട് ഉപയോഗപ്പെടുത്തുന്നതും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 12 പ്രകാരം വാർഡ്തല ആരോഗ്യ - ശുചിത്വകമ്മിറ്റിയുടെ പേരിൽ വാർഡ് മെമ്പറും കൺവീനറും സംയുക്തമായി ഒപ്പിട്ടു പ്രവർത്തിപ്പിക്കുന്ന ഒരു ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും വാർഡ് തല ആരോഗ്യ – ശുചീകരണ പദ്ധതിയുടെ ഫണ്ടുകൾ ആ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രം നൽകേണ്ടതുമാണ്. കമ്മിറ്റിയുടെ കൺവീനർ ആയ ജെ.എച്ച്.ഐ. അല്ലെങ്കിൽ ജെ.പി.എച്ച്. എൻ ലഭിച്ച ഫണ്ടിന്റെ വരവു ചെലവു കണക്കുകൾ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്റർ പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതും കാലാകാലങ്ങളിൽ ഗ്രാമപഞ്ചായത്ത് ഇത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. വാർഡ് സാനിറ്റേഷൻ പ്രവർത്തനങ്ങൾക്കായി മേൽ പരാമർശിച്ച വൗച്ചർ പ്രകാരം 2,00,000/- രൂപ ശുചിത്വകമ്മിറ്റികൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചതിന്റെ രേഖകൾ, വരവു ചെലവ് കണക്കുകൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/20.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 2,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-20 ടാർ ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലുകളിൽ നിന്നും കാലി ടാർ ബാരലിന്റെ വില ജി.എസ്.ടി ഉൾപ്പെടെ കണക്കാക്കി കുറവ് ചെയ്തിട്ടുണ്ട്. ബില്ലിൽ നിന്നും കുറവ് ചെയ്ത തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ ജി.ഒ.(പി)നം. 177/2006 നമ്പർ ഉത്തരവിന്റെ ഖ. 10 അനുസരിച്ച് കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിന് വേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കിഴിവ് ചെയ്ത തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് അടവാക്കുകയോ വാർഷിക കണക്കിൽ ബാധ്യതാ ശീർഷകത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇപ്രകാരം കുറവ് ചെയ്ത തുക തനത് വരുമാനമെന്ന നിലയിൽ ബുക്ക് ചെയ്യുകയാണ് ചെയ്യുന്നത്. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/20.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി നൽകേണ്ടതാണ്.

## 1-21 കുടിവെള്ള പദ്ധതിയുടെ കിണർ വൃത്തിയാക്കിയതിന് തനതുഫണ്ടിൽ നിന്ന് തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ 2ാം വാർഡിലെ പരത്തിക്കുന്ന് കുടിവെള്ള പദ്ധതിയുടെ കിണർ വൃത്തിയാക്കിയതിന് വൗച്ചർ നം.22300215 തീയതി 6.6.2023 പ്രകാരം 9500/- രൂപ ഗുണഭോക്തൃകമ്മിറ്റിക്ക് കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ)നം.115/2022/ത സ്വ ഭ വ തീയതി 28.5.2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.7 പ്രകാരം കുടിവെള്ള പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം പദ്ധതിയുടെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃഗ്രൂപ്പ് ഏറ്റെടുക്കേണ്ടതാണ്. പൊതുവിഭാഗം കുടിവെള്ള പദ്ധതികളിലെ 50,000 രൂപയിൽ അധികരിച്ചുവരുന്ന അറ്റകുറ്റപ്പണികൾ മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്ക് വഹിക്കാവുന്നതെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ കുടിവെള്ള പദ്ധതി പൊതുവിഭാഗത്തിൽപെട്ടതായതിനാൽ കിണർ വൃത്തിയാക്കുന്ന പ്രവൃത്തി ചെയ്യിക്കേണ്ടത് ഗുണഭോക്തൃഗ്രൂപ്പാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കിണർ വൃത്തിയാക്കിയതിന് 9500/- രൂപ തനതുഫണ്ടിൽ നിന്ന് ചെലവഴിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/20.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - സ്രോതസ്സിൽ നിന്നും ജി.എസ്.ടി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 183/24 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ) |
| വകയിരുത്തിയ തുക | 375000 ( വികസന ഫണ്ട് - എസ്.സി.പി) |
| ചെലവഴിച്ച തുക/ബിൽ സാങ്ഷൻ നം | 374544<br>171/14-11-23 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

തൻവർഷം 12 എസ്.സി. വിദ്യാർത്ഥികൾക്ക് 374544 രൂപ ചെലവഴിച്ച് ജെം പോർട്ടൽ മുഖേന സൗണ്ട് സൊല്യൂഷൻസ്, മുംബൈ എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) ലും സമാനമായ

നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ ബില്ലിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കി GST വകുപ്പിലടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പദ്ധതിയിൽ ആനുകൂല്യത്തിന് അർഹരായവരുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/18-11.24) മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും മേൽ ബിൽ പ്രകാരം അനുവദിച്ച തുകകളിന്മേൽ സ്ഥാപനം ജി.എസ്.ടി. അടവാക്കിയിട്ടുണ്ടോ എന്ന് നികുതി റിട്ടേൺ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ പദ്ധതിയിൽ ആനുകൂല്യത്തിന് അർഹരായവരുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 അരുമയോടൊപ്പം അറിവിലേക്ക് - വിനിയോഗ വിവരം ലഭ്യമല്ല.

പ്രോജക്ടിന്റെ പേര് - 189/24 'അരുമയോടൊപ്പം അറിവിലേക്ക്' (സ്പിൽ ഓവർ)

വകയിരുത്തിയ തുക – 252000 (155000-വികസന ഫണ്ട്, 70000- ബ്ളോക്ക് പഞ്ചായത്ത് വിഹിതം,27000-ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവഴിച്ച തുക/ബിൽ നം - 75000- വികസന ഫണ്ട്, 20/30-05-23

നിർവ്വഹണം - ഹെഡ് മാസ്റ്റർ

ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പത്താം തരം, ഹയർ സെക്കന്ററി തുല്യതാ പദ്ധതിക്ക് വേണ്ടി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം (20-1-202 ലെ ഡി2/02/2023 കത്ത്) ഗ്രാമ പഞ്ചായത്ത് വിഹിതമായ 75000 രൂപ സംസ്ഥാന സാക്ഷരതാ മിഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്ത്, ബ്ളോക്ക്-ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിക്ക് തുക കൈമാറി നടപടിക്രമങ്ങളുടെ കോപ്പി ജില്ലാ പഞ്ചായത്തിന് നൽകാനും കത്തിൽ ആവശ്യപ്പെടുന്നുണ്ട്.

തുകകൈമാറിയ ശേഷം നടപടിക്രമങ്ങളുടെ കോപ്പി ജില്ലാ പഞ്ചായത്തിന് നൽകിയതിന്റെ വിശദാംശം, മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ ഏതൊക്കെ രക്ഷിതാക്കൾ തുല്യതാ പരീക്ഷ എഴുതി എന്നതിന്റെ വിശദാംശം, തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 11/2023-24 തീയതി 20-11-24) മറുപടി നൽകിയിട്ടില്ല. മേൽ ആവശ്യപ്പെട്ട വിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് നൽകുന്നതുവരെ ചെലവ് തുക 75000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-24 ഭരണ സമിതി മീറ്റിങ് ഹാൾ നവീകരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം

പ്രൊജക്ട് നമ്പർ : 7/24

നിർവ്വഹണം: സെക്രട്ടറി

അടങ്കൽ തുക : 200000(തനത് ഫണ്ട്)

ചെലവു തുക : 200000

ബിൽ സാങ്ഷൻ നം : 26-3-24

ഭരണ സമിതി മീറ്റിങ് ഹാൾ നവീകരിക്കുന്നതിനാണ് പ്രൊജക്ട്. പ്രോജക്ടിന്റെ ഭാഗമായി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായ കാഡ്കോയിൽ നിന്ന് പഞ്ചായത്ത് യോഗ ഹാളിൽ മീറ്റിംഗ് ഡയസ്, വുഡൺ പാനലിംഗ്, കർട്ടൺ വർക്ക്

എന്നിവ വാങ്ങൽ നടപടികളിലൂടെ ലഭ്യമാക്കുക വഴി പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് അധിക സൗകര്യങ്ങൾ ഉണ്ടാക്കുകയാണ് പ്രോജക്ട് ലക്ഷ്യമായി കാണിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായ കാഡ്കോയെ കൊണ്ട് നേരിട്ട് മീറ്റിങ് ഹാൾ നവീകരണം നടത്തിക്കുന്നതായാണ് പ്രോജക്ടിൽ കാണിച്ചിരിക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് അക്രഡിറ്റഡ് ഏജൻസികളെ കൂടി സമീപിച്ച് നിരക്ക് താരതമ്യപ്പെടുത്താതെയാണ് കാഡ്കോയെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നത്.

2. പഞ്ചായത്ത് യോഗ ഹാളിൽ മീറ്റിംഗ് ഡയസ്, വുഡൺ പാനലിംഗ്, കർട്ടൺ വർക്ക് എന്നിവ വാങ്ങൽ നടപടികളിലൂടെ ലഭ്യമാക്കുക, മീറ്റിംഗ് ഹാൾ നവീകരിക്കുക എന്നാണ് പ്രോജക്ടിൽ കാണിച്ചിരിക്കുന്നത്. എന്നാൽ കാഡ്കോ ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരം മീറ്റിംഗ് ഡയസിനു പകരം ഡയസ് സ്റ്റേജ്, വുഡൺ പാനലിംഗ്, മുറിയിലെ കർട്ടൺ എന്നിവയുടെ പ്രവൃത്തി നിശ്ചിത അളവിൽ നടത്തിയതിനുള്ള നിരക്ക് രേഖപ്പെടുത്തിയാണ് തുക ക്ളെയിം ചെയ്തിരിക്കുന്നത്. അതായത് 'പ്രവൃത്തി' എന്ന് പ്രോജക്ടിൽ കാണിക്കുന്നതിന് പകരം 'വാങ്ങൽ' എന്ന് തെറ്റായി കാണിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്.

3. മേൽ ഉത്തരവ് അനുസരിച്ച് പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കണം. എന്നാൽ കാഡ്കോ ലഭ്യമാക്കിയത് ഓരോ ഇനത്തിന്റെയും ആകെ അളവും ആയതിന്റെ നിരക്കും അടങ്ങിയ ബിൽ മാത്രമാണ്. മാത്രമല്ല അക്രഡിറ്റഡ് ഏജൻസി ചെയ്യുന്ന പ്രവത്തികൾ നിലവിലുള്ള എഞ്ചിനീയറിങ് വിങ് ചെക്ക് മെഷർ ചെയ്യേണ്ടതാണ് എന്ന നിബന്ധനയും പാലിച്ചിട്ടില്ല. കാഡ്കോ ലഭ്യമാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിലാണ് 200000 രൂപ അനുവദിച്ചത്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 7/ 23-24 തിയതി 18-11-24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ താഴെ കൊടുത്തിരിക്കും പ്രകാരം കാര്യങ്ങൾ വിശദമാക്കിയിട്ടുണ്ട്.

1. പ്രവൃത്തി മൂല്യം 239095 രൂപ മാത്രമായതിനാലാണ് മറ്റ് അക്രഡിറ്റഡ് ഏജൻസികളുമായി നിരക്ക് താരതമ്യപ്പെടുത്താതിരുന്നത്. ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ പ്രസ്തുത ഏജൻസി മുഖേന അനുവദനീയമായതിനാലാണ് പ്രവൃത്തികൾ നേരിട്ട് ഏല്പിച്ചത്.

2. ഇന്റീരിയർ ഫർണിഷിംഗ്, നവീകരണ പ്രവൃത്തികൾ എന്നിവ അക്രഡിറ്റഡ് ഏജൻസികൾക്ക് ചെയ്യാമെന്നതിനാലാണ് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗണത്തിൽ പെടുത്തി പ്രവൃത്തി നടപ്പിലാക്കാതിരുന്നത്. ഗുണമേൻമയുള്ള സാധന സാമഗ്രികൾ ഉപയോഗിച്ച് പ്രവൃത്തി നടത്തുന്നതിന് ഉദ്ദേശിച്ചും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് ലക്ഷ്യം വച്ചുമാണ് ഈ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയെ ഏല്പിച്ചത്.

3. പൂർണ്ണമായും പൊതുമരാമത്ത് പ്രവൃത്തിയുടെ ഗണത്തിൽ ഉൾപ്പെടാത്ത പ്രവൃത്തി ആയതിനാലും, അസിസ്റ്റന്റ് എഞ്ചിനീയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തുന്ന പ്രവൃത്തി അല്ലാത്തതിനാലുമാണ്, PRICE സോഫ്റ്റ് വെയറിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നത്.

8-11-2010ലെ ജി.ഒ(പി)നം.259/2010 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള പ്രൊക്യുർമെന്റ് പ്ളാനിൽ മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്തതിനു ശേഷം വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങൽ നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭാവിയിൽ ഇപ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ മേൽ

ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് മാത്രം അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തികൾ നടപ്പിലാക്കേണ്ടതാണ്.

## 1-25 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സ്കോളർഷിപ്പ് തുക മുഴുവൻ നൽകിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 31/24 സ്കോളർഷിപ്പ് |
| വകയിരുത്തിയ തുക | 1168200 (വികസന ഫണ്ട്) +600000 (ബ്ളോക്ക് വിഹിതം) + 200000 (ജില്ലാ പഞ്ചായത്ത് വിഹിതം) = 1968200 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

തൻവർഷം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 78 കുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്. അതിൽ 61 പേർ മാനസിക വെല്ലുവിളി നേരിടുന്നവരും 18 പേർ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരുമാണ്. സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കും പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന 3 കുട്ടികൾക്ക് അർഹമായ സ്കോളർഷിപ്പ് തുകയിൽ വിതരണത്തിൽ കുറവ് വന്നതായി കണ്ടു.

| കുട്ടികളുടെ എണ്ണം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|
| നഷ് വാൻ.പി | 7550 |
| ആതിര.ടി.പി | 10150 |
| ഫാത്തിമ നജ | 11300 |
| ആകെ | 29000 |

ബ്ലോക്ക് വിഹിതം വകയിരുത്തിയതിൽ കുറവ് ലഭ്യമായതിനാലാണ് മേൽ തുക ഗുണഭോക്താക്കൾക്ക് നൽകാൻ സാധിക്കാതിരുന്നതെന്നാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ എൻക്വയറിക്ക് (6/18-11-24) നൽകിയ മറുപടിയിൽ അറിയിച്ചത്. 2024-25 വർഷത്തെ പ്രോജക്ടിൽ നിന്നും മേൽ തുക ഗുണഭോക്താക്കൾക്ക് നൽകുന്നതാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. തൻവർഷം ലഭിക്കേണ്ട ബ്ളോക്ക് വിഹിതത്തിൽ 29000 രൂപയുടെ കുറവ് വന്നിട്ടുണ്ട്. **സ.ഉ.കൈ.നം. 84/2022 എൽ.എസ്.ജി.ഡി തീ. 19-4-22 ഖ. 3.5.4 പ്രകാരം** സംയുക്ത പ്രോജക്ടിന് ലഭ്യമാക്കേണ്ട ബ്ളോക്ക് വിഹിതം മതിയായ ഇടപെടലിലൂടെ ലഭ്യമാക്കി അർഹമായ മുഴുവൻ സ്കോളർഷിപ്പ് തുകയും ഗുണഭോക്താക്കൾക്ക് യഥാ സമയം ലഭ്യമാക്കുന്നതിന് തുടർ വർഷങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും നൽകി അറിയിക്കേണ്ടതാണ്.

## 1-26 അങ്കണവാടി പോഷകാഹാരം - പ്രോജക്ട് നിർവ്വഹണം അപാകതകൾ

പ്രൊജക്ട് നം, പേര് - 26/24 അങ്കണവാടി പോഷകാഹാരം

വകയിരുത്തിയ തുക - 2921000 (1200000 – വികസന ഫണ്ട്+ 1721000 – കേന്ദ്രാവിഷ്കൃതം)

ചെലവ് തുക- 3087789 (1366789 – വികസന ഫണ്ട്+ 1721000 – കേന്ദ്രാവിഷ്കൃതം)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ അനുപൂരക പോഷകാഹാരം പദ്ധതിയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

### 1. ന്യൂട്രിമിക്സ് ഉത്പന്നം - ബിൽ തുകയിൽ നിന്ന് ടി.ഡി.എസ് ആയി ജി.എസ്.ടി ഈടാക്കിയില്ല

അനുപൂരക പോഷകാഹാരം പദ്ധതിയിൽ സിദ്ധ ഫുഡ് പ്രോഡക്ട്സ് , ചക്കിട്ടപ്പാറ ,എന്ന സ്ഥാപനത്തിൽ നിന്നാണ് താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' 2.5% CGST യും, 2.5% SGST യും ഉൾപ്പെടെ നല്കി വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയപ്പോൾ ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ

അധികരിക്കുന്നുവെങ്കിലും സ്രോതസിൽ നിന്നും ടി.ഡി.എസ് ആയി 2% ജി.എസ്.ടി ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/തിയ്യതി | ന്യൂട്രിമിക്സിന് CGST,SGST (5%) ഉൾപ്പെടെ അനുവദിച്ച ബിൽ തുക | ഈടാക്കേണ്ട ജി.എസ്.ടി. |
|---|---|---|
| 19/13-10-23 | 101576 | 2032 |
| 21/31-10-23 | 99812 | 1996 |
| 3/11-4-23 | 112896 | 2258 |
| 6/14-5-23 | 85260 | 1705 |
| 10/12-6-23 | 63136 | 1263 |
| 12/18-7-23 | 64312 | 1286 |
| 14/11-8-23 | 94814 | 1976 |
| 16/19-9-23 | 100032 | 2001 |
| 23/29-11-23 | 107898 | 2158 |
| 28/24-3-24 | 130976 | 2620 |
| | | 19295 |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) ലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം അങ്കണവാടികളിലെ പോഷകാഹാരവിതരണത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്ന 'അമൃതം ഫുഡ്' വാങ്ങിയപ്പോൾ SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു. ഒരു വർഷത്തിൽ സ്ഥാപനം വിതരണം ചെയ്യുന്ന ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യത്തിലും (ചെറിയ തുകയുടെ ബില്ലുകളായിട്ടാണ് പെയ്മെന്റുകൾ നടത്തിയിരിക്കുന്നത്) ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കിയിട്ടില്ല.

2. **<u>വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചലവഴിച്ചു.</u>**

പദ്ധതിയിൽ വികസന ഫണ്ടിനത്തിൽ വകയിരുത്തിയ തുക 1200000 രൂപയാണ്. എന്നാൽ ഈയിനത്തിൽ ചെലവ് തുക 1366789 രൂപയാണ്. വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 4/ 23-24 തിയതി 18-11-24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം 2024-25 വർഷത്തെ ന്യൂട്രിമിക്സ് ഉൽപ്പന്നത്തിന്റെ ബില്ലിൽ നിന്നും GST ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വെയറിലെ പിഴവ് മൂലമാണ് വകയിരുത്തിയതിനേക്കാൾ കൂടുതൽ തുകയുടെ ബിൽ പിൻവലിക്കലിനിടയായതെന്നും ആയത് യഥാർത്ഥത്തിൽ ചെലവായ തുക തന്നെയായതിനാൽ മറുപടി പരിഗണിക്കണമെന്നും പറഞ്ഞിട്ടുണ്ട്. തൻവർഷത്തെ ന്യൂട്രിമിക്സ് ഉൽപ്പന്നത്തിന്റെ ബില്ലിൽ നിന്നും സ്ഥാപനം ഈടാക്കിയ ജി.എസ്.ടി അടച്ചതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കാനിടയായ സാഹചര്യം ഐ.കെ.എം ന്റെ ശ്രദ്ധയിൽ പെടുത്തി സോഫ്റ്റ്വെയറിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച അറിയിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം എഗ്രിമെൻ്റ് വെച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ നം/ പേര് | ഗുണഭോക്താവിൻ്റെ പേര് | എഗ്രിമെൻ്റ് വെച്ച സാമ്പത്തിക വർഷം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനം കൈപ്പറ്റിയ തുക/ തീയതി | പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി (ജനറൽ) | ശ്രീലത | 2022-23 | 3,00,000/- | 23.8.24 | മേൽക്കൂര വാർപ്പ് |
| 2 | ലൈഫ് ഭവന പദ്ധതി(എസ്.സി) | ആനന്ദ് സൂര്യ | 2022-23 | 2,00,000/- | 15.2.24 | ചുമർ നിർമ്മാണം |
| 3 | | അയന അശോക് | 2022-23 | 40,000/- | 10.2.23 | തറ നിർമ്മാണം |
| 4 | | ശീർഷാബായ് | 2022-23 | 2,60,000/- | 4.10.24 | ലിൻ്റൽ |

വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി എന്നിവ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-28 അതിദരിദ്രർ- വീട് റിപ്പയർ പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ അതിദരിദ്രർ വീട് റിപ്പയർ പദ്ധതി പ്രകാരം എഗ്രിമെൻ്റ് വെച്ച ഗുണഭോക്താക്കൾ വീട് റിപ്പയർ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | പദ്ധതിയുടെ നം/ പേര് | ഗുണഭോക്താവിൻ്റെ പേര് | എഗ്രിമെൻ്റ് വെച്ച സാമ്പത്തിക വർഷം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനം കൈപ്പറ്റിയ തുക/ തീയതി | പൂർത്തികരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | അതിദരിദ്രർ വീട് റിപ്പയർ | കാർത്ത്യായനി | 2023-24 | 50000/- | 10.11.2023 | പ്ലാസ്റ്ററിങ്ങ് നടക്കുന്നു |
| 2 | | ലക്ഷ്മി | 2023-24 | 50000/- | 11.12.2023 | പ്ലാസ്റ്ററിങ്ങ് നടക്കുന്നു |

വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി എന്നിവ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്. മേൽ ഗുണഭോക്താക്കളുടെ വീട് റിപ്പയർ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-29 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മ സേന - പ്രവർത്തനാവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷൻ്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിൻ്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത

ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവമാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജനസൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതിനായി തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ സേന.

ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ) 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിത കർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ഹരിത കർമ്മസേന

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2022 സാമ്പത്തിക വർഷത്തിലാണ് വീടുകളിൽ നിന്ന് അജൈവമാലിന്യം ശേഖരിക്കുന്ന പ്രവർത്തനം ആരംഭിച്ചത്. എന്നാൽ ഇന്ന് നിലവിലുള്ള രീതിയിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത് 2024 ൽ മാത്രമാണ്. ഹരിത കർമ്മസേന കുടുംബശ്രീയുടെ കീഴിൽ കൺസോർഷ്യമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്

2) മാലിന്യ ശേഖരണം

നിലവിൽ മുൻകൂട്ടി തയ്യാറാക്കിയ കലണ്ടറിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങൾ മാലിന്യശേഖരണം നടത്തി വരുന്നുണ്ട്. വീടുകളിൽ നിന്ന് 50/- രൂപയും കടകളിൽ നിന്ന് 100/- രൂപയുമാണ് ഈടാക്കി വരുന്ന യൂസർ ഫീ. യൂസർ ഫീ ആയി ഈടാക്കുന്ന തുകയ്ക്ക് പുറമേ റിജക്റ്റഡ് വേസ്റ്റ് കിലോഗ്രാമിന് 15/- രൂപയുമാണ് ഈടാക്കി വരുന്നത്.

3) മാലിന്യ ശേഖരണ കാര്യക്ഷമത

2024 മാർച്ച് മാസത്തിൽ 425411 രൂപയായാണ് യൂസർഫീ ഇനത്തിൽ പിരിച്ചെടുത്തത്. യൂസർ ഫീ നൽകാൻ കഴിവില്ലാത്ത 63 കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഇവരുടെ യൂസർ ഫീ ഹരിത കർമ്മസേനയ്ക്ക് നൽകുന്നതിനുള്ള പ്രൊജക്റ്റ് ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുണ്ട്. (പ്രൊജക്റ്റ് നം. 229/23-24, നിർവ്വഹണം -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെലവ് 4150/- രൂപ)

മാലിന്യ ശേഖരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി

ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് പദ്ധതി (പ്രൊജക്റ്റ് നം. 115/23-24, നിർവ്വഹണം -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെലവ് 204900/- രൂപ) നടപ്പാക്കിയിട്ടുണ്ട്. ക്യൂ.ആർ കോഡ് പതിച്ച കെട്ടിടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
|---|---|
| 9197 | 774 |

യൂസർ ഫീ പിരിച്ചെടുക്കാൻ യോഗ്യമായ പുതിയ കെട്ടിടങ്ങൾ കണ്ടെത്തി ക്യൂ.ആർ കോഡ് പതിക്കുന്ന പ്രവൃത്തി തുടർന്നു വരുന്നു.

മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേന പിരിക്കുന്ന യൂസർ ഫീ കൈകാര്യം ചെയ്യുന്നതിനായി കേരള ഗ്രാമീൺ ബാങ്കിന്റെ പൂക്കാട് ശാഖയിലാണ് സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് (അക്കൗണ്ട് നം. 40221101044922). പ്രസ്തുത അക്കൗണ്ടിലെ 31.03.2024ലെ നീക്കിയിരിപ്പ് 68,476/- രൂപയാണ്. ഹരിതകർമ്മസേനാംഗങ്ങളുടെ സൗകര്യാർത്ഥം ദിനംപ്രതിയുള്ള കലക്ഷൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പൂക്കാട് ശാഖയിൽ (അക്കൗണ്ട് നം. 10543) നിക്ഷേപിക്കുകയും അത് പിന്നീട് ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയത് ശമ്പളം നൽകുന്നതിനായി ചെലവഴിക്കുകയും ചെയ്യുന്നു. പ്രസ്തുത അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരിപ്പ് 2,14,478/- രൂപയാണ്.

<u>4) മാലിന്യ നീക്കം</u>

ഹരിതകർമ്മസേന ശേഖരിക്കുന്ന തിരസ്കൃതമാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഓരോ വർഷവും ടെണ്ടർ വിളിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുമായി കരാറിലേർപ്പെട്ടു വരുന്നുണ്ട്. 2022-23 ഓഡിറ്റ് വർഷം “ കോനാരീസ് ” എന്ന ഏജൻസിയായിരുന്നു മാലിന്യനീക്കത്തിന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നത്. 2023-24 വർഷം മുതൽ ക്ലീൻ കേരള കമ്പനി എന്ന ഏജൻസിയായിരുന്നു മാലിന്യനീക്കത്തിന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നത് (അഗ്രിമെന്റ് തീയതി 9.05.2023). റിജക്റ്റഡ് വേസ്റ്റ് കിലോഗ്രാമിന് 10/- രൂപ നിരക്കിലാണ് അവർ നീക്കം ചെയ്യുന്നത്. റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിനുള്ള തുക ഗ്രാമപഞ്ചായത്താണ് ഏജൻസികൾക്ക് നൽകി വരുന്നത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം 11450 കിലോ ഗ്രാം റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്തതിന് ക്ലീൻ കേരള കമ്പനിക്ക് ഗ്രാമപഞ്ചായത്ത് 1,14,500/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. മുൻവർഷ റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്തതിന് കോനാരീസിന് ഗ്രാമപഞ്ചായത്ത് 124979/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്(പ്രൊജക്റ്റ് നം. 199/23-24, നിർവ്വഹണം -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെലവ് 389094/- രൂപ (ക്യൂ.ആർ.കോഡ് പതിച്ചതിന് 149565/-രൂപ ചെലവഴിച്ചതുൾപ്പെടെ).

മാലിന്യം നീക്കം ചെയ്തതിന് ശേഷം ഏജൻസി ലഭ്യമാക്കുന്ന അളവുതൂക്ക ബില്ലുകളുടെ അടിസ്ഥാനത്തിലാണ് അവർക്ക് കരാർ പ്രകാരമുള്ള തുക നൽകി വരുന്നത്. ഗ്രാമപഞ്ചായത്തിലെ കൊയിലാണ്ടി ലക്ഷ്മി വെയ്ബ്രിഡ്ജിൽ വച്ചാണ് മാലിന്യനീക്കത്തോടനുബന്ധിച്ച് വാഹനങ്ങളുടെ തൂക്കമെടുത്തു വരുന്നത്. കൂടാതെ വെസ്റ്റ്ഹില്ലിലുള്ള വെയ്ബ്രിഡ്ജിൽ തൂക്കമെടുക്കുമ്പോൾ നേരിട്ടുള്ള മേൽ നോട്ടം സാധിക്കുന്നില്ല എന്നും ജി.പി.എസ് വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഉറപ്പുവരുത്തുന്നതെന്നും വി.ഇ.ഒ അറിയിച്ചു.

<u>5) മാലിന്യ വേർതിരിവ് പാലിക്കലും റീസൈക്ലിങ്ങും</u>

ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ ചെറിയ തോതിൽ വേർതിരിക്കുന്നു. തുടർന്ന് എം.സി.എഫിൽ വച്ച് പൂർണ്ണമായ വേർതിരിവ് നടത്തുകയും, മാലിന്യങ്ങൾ മാലിന്യനീക്ക ഏജൻസിക്ക് നൽകുകയുമാണ് ചെയ്യുന്നത്.

<u>6) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം

ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ സ്കൂൾ കുട്ടികൾക്ക് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് വി.ഇ.ഒ അറിയിച്ചു.

7) തൊഴിൽ സൃഷ്ടിക്കൽ

സേനാംഗങ്ങൾക്ക് നിലവിൽ നിശ്ചിത ദിവസവേതനം എന്നതിന് പകരം മാലിന്യശേഖരണം നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 90% വീതിച്ചാണ് നിലവിൽ വേതനം നൽകി വരുന്നത്. ഓരോ വാർഡിലും മാലിന്യശേഖരണം നടത്തുന്ന രണ്ട് പേർ വീതമുള്ള ഗ്രൂപ്പിന് അതാത് വാർഡിലെ കലക്ഷൻ തുകയുടെ 90% വീതിച്ചാണ് നിലവിൽ വേതനം നൽകി വരുന്നത്.

8) അടിസ്ഥാന സൗകര്യ വികസനം

ഹരിതകർമ്മസേനയ്ക്ക് യൂണിഫോമും മറ്റു സുരക്ഷാ ഉപകരണങ്ങളും ഗ്രാമപഞ്ചായത്ത് വാങ്ങി നൽകി വരുന്നുണ്ട്. വാർഡുകളിൽ നിന്ന് എം.സി.എഫിലേക്ക് മാലിന്യമെത്തിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് സ്വന്തമായുള്ള വാഹനമാണ് ഉപയോഗിച്ചു വരുന്നത്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഡ്രൈവറാണ് വാഹനം ഓടിക്കുന്നത്. ഹരിതസേനാംഗങ്ങൾ സ്വന്തമായി വാഹനം ഓടിക്കുന്നതിനായുള്ള പരിശീലനം നേടാൻ ശ്രമിച്ചുവരുന്നു.

9) മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി

20ാം വാർഡിലുള്ള കാപ്പാട് ആണ് ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സ്ഥിതി ചെയ്യുന്നത്. എം.സി.എഫിനു പുതിയ ബെയിലിങ്ങ് യൂണിറ്റ്( പ്രസ്സിങ്ങ് യൂണിറ്റ്) ബോക്ക് പഞ്ചായത്ത് നൽകിയിട്ടുണ്ട്. കാപ്പാട് കടൽതീരത്തിനടുത്ത് സ്ഥിതി ചെയ്യുന്ന പ്രദേശത്തായതിനാൽ ബുദ്ധിമുട്ട് നേരിടുന്നതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. കൂടാതെ ഉപ്പ് വെള്ളം കയറിയാൽ മെഷീന് നാശം സംഭവിക്കാം. ആയതിനാൽ സൗകര്യപ്രദമായ മറ്റൊരു സ്ഥലം എം.സി.എഫ് നായി കണ്ടെത്തേണ്ടിയിരിക്കുന്നു.

10) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി ശുചിത്വമിഷൻ ആവശ്യമായ പരിശീലനങ്ങൾ നൽകുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ വി.ഇ.ഒ നൽകി വരുന്നു.

11) പ്രവർത്തന അവലോകനം

ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഭരണസമിതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവലോകനം ചെയ്ത് വരുന്നുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സ്റ്റാന്റിങ്ങ് കമ്മിറ്റി എന്നിവർ ഹരിത കർമ്മസേന പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചു വരുന്നുണ്ട്.

13) ഓഡിറ്റ് നിഗമനവും നിർദ്ദേശങ്ങളും

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനയുടെ പ്രവർത്തനം പ്രാരംഭദിശയിൽ നിന്നും മെച്ചപ്പെട്ട രീതിയിൽ പുരോഗമിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു . പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ സംവിധാനം സുസ്ഥിരമാക്കുന്നതിനുമായി

താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

1. നിലവിൽ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലേക്കായി ആകെ 40 ഹരിത കർമ്മസേനാംഗങ്ങളാണ് ഉള്ളത്. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. എം.സി.എഫ് കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കുന്നതിന് കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതാണ്.
4. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
5. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ചു ഹരിതകർമ്മ സേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് കൂടുതൽ സഹായം ചെയ്തു നൽകേണ്ടതുമാണ്.

6. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖലയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

## 1-30 സംയുക്ത പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

സംയുക്ത പദ്ധതികൾക്കായി മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകകൾ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടയ്ക്കേണ്ടതാണ്.

| ഫണ്ട് | തുക |
|---|---|
| സംയുക്ത പദ്ധതികൾക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം(കാപിറ്റൽ ചെലവ്) | 7,38,785 |
| സംയുക്ത പദ്ധതികൾക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം(റവന്യു ചെലവ്) | 4,65,021 |
| സംയുക്ത പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം(റവന്യു ചെലവ്) | 13,477 |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം എന്നിവയ്ക്കനുസരിച്ച് നികുതി നിർണ്ണയിക്കുന്നതിൽ പൊരുത്തക്കേട്

ചേമഞ്ചേരി പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തു നികുതി പരിശോധനയ്ക്കായി 2023-24 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ ഉപയോഗക്രമം, കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം എന്നിവയിൽ പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു.

1. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ കണ്ട പൊരുത്തക്കേടുകൾക്ക് ഉദാഹരണങ്ങൾ

ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമം/ഒടുക്കിയ നികുതി | യഥാർത്ഥത്തിൽ രേഖപ്പെടുത്തേണ്ട ഉപയോഗക്രമം/ ഒടുക്കേണ്ട നികുതി | നികുതിയിനത്തിൽ സംഭവിച്ച നഷ്ടം |
|---|---|---|---|---|---|---|
| 1 | 6 | 113 A മുതൽ AZ വരെ | 946.63 ച.മീ. | വാണിജ്യാവശ്യം- 100 ച.മീ. മുകളിൽ 500 ച.മീ. വരെയുള്ളവ (ച.മീറ്ററിന് 70/- രൂപ നിരക്ക്)/ 79,164 രൂപ | വാണിജ്യാവശ്യം- 500 ച.മീ. മുകളിൽ (ച.മീറ്ററിന് 90/- രൂപ നിരക്ക്)/ 1,02,237 രൂപ [(946.63x90)+20%] | 23,073/- |
| 2 | 14 | 370 A മുതൽ M വരെ | 505 ച.മീ. | വാണിജ്യാവശ്യം- 100 ച.മീ. മുകളിൽ 500 ച.മീ. വരെയുള്ളവ (ച.മീറ്ററിന് 70/- രൂപ നിരക്ക്)/ 43,340 രൂപ | വാണിജ്യാവശ്യം- 500 ച.മീ. മുകളിൽ (ച.മീറ്ററിന് 90/- രൂപ നിരക്ക്)/54,540 രൂപ[(505x90)+20%] | 11,200/- |
| 3 | 3 | 191 C മുതൽ M വരെ | 226.32 ച.മീ. | വാണിജ്യാവശ്യം- 100ച.മീ. വരെയുള്ളവ (ച.മീറ്ററിന് 40/- രൂപ നിരക്ക്)/ 16457 രൂപ | വാണിജ്യാവശ്യം- 100 ച.മീ. മുകളിൽ 500 ച.മീ. വരെയുള്ളവ (ച.മീറ്ററിന് 70/- രൂപ നിരക്ക്)/ 19,011 രൂപ [(226.32x70)+20%] | 2,554/- |
| ആകെ | | | | | | 36,827/- |

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ മേൽ പട്ടിക പ്രകാരമുള്ള കെട്ടിടങ്ങളിലെ മുറികൾ ഉപയോഗക്രമം മാറ്റി രേഖപ്പെടുത്തിയതിനാൽ നികുതി ഇനത്തിൽ പഞ്ചായത്തിന് 36,827/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2. പഞ്ചായത്തിലെ ഒരു കെട്ടിടത്തിലെ വിവിധ മുറികൾക്ക് കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം എന്നിവ വ്യത്യസ്തമായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിന് ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | കെട്ടിട നം | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ തരവും പേരും | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല |
|---|---|---|---|---|
| 1 | 3 | 191 C മുതൽ F വരെ | 5 മീറ്ററോ അതിൽ കൂടുതൽ- തോരായിക്കടവ് റോഡ് | ദ്വിതീയം (10% ഇളവ് അനുവദിച്ചു) |
| 2 | 3 | 191 G മുതൽ M വരെ | 5 മീറ്ററോ അതിൽ കൂടുതൽ- പൂക്കാട് തോരായിക്കടവ് റോഡ് | പ്രഥമം |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 18 /2023-24 തീയതി 20.11.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലുള്ള അപാകതകൾ പഞ്ചായത്തിലെ മറ്റ് കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നതിലും വന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് അപാകതകൾ പരിഹരിച്ച് കൃത്യമായി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഫുട്ടാത്ത് നവീകരണം - ഇന്റർലോക്ക് കട്ട വിരിക്കുന്നതിന് അധികനിരക്ക് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഫുട്ടാത്തുകളിൽ 60mm കനത്തിലുള്ള കോൺക്രീറ്റ് ഇന്റർലോക്കിംഗ് പേവിംഗ് ബ്ലോക്ക് വിരിക്കുന്നതിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 2 പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് നം. /പേര് | 207/24, പാലോട്ടിൽ ഫുട്ടാത്ത | 208/24, കണ്ണവയൽകുനി ഫുട്ടാത്ത |
|---|---|---|
| അടങ്കൽ | 2,57,656/-, CFC(basic) | 1,89,776/-, CFC(basic) |
| ചെലവ് തുക | 1,99,501/-, ബിൽ നം.285/24.2.24 | 1,63,354/-, ബിൽ നം.326/24.2.24 |
| കരാറുകാരൻ | വിശ്വനാഥൻ.കെ | മൂടാടി ലേബർ കോൺട്രാക്റ്റ് കോ ഓപറേറ്റീവ് സൊസൈറ്റി |

മേൽ പ്രവൃത്തികളിൽ പേവിംഗ് ബ്ലോക്ക് വിരിക്കുന്നതിനായി MORD ലെ ഇനം 6.7.2 ഭേദഗതി വരുത്തി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ വിശദാംശം താഴെ കൊടുക്കുന്നു.

| Code | MR Code | Description | | | Remarks | |
|---|---|---|---|---|---|---|
| | | Unit | Quantity | Rate | Amount | Label |
| | Header Unit | Sqm | Header Quantity | 225.000 | | |
| Header Details | | | | | | |
| Material | | | | | | M |
| M-378 | | Interlocking Blocks With 60mm Thickness | | | | |
| | | Sqm | 225.00000 | 400.00 | 90000.00 | M1 |
| M-380 | | Cost Of Resin And Hardner Adhesive | | | | |
| | | Kit | 120.00000 | 919.00 | 110280.00 | M2 |
| M-348 | | Sand | | | | |

| Code | MR Code | Description | | | Remarks | |
|---|---|---|---|---|---|---|
| | | Unit | Quantity | Rate | Amount | Label |
| | | | | | | |
| | | Cum | 5.42000 | 1453.77 | 7879.43 | M3 |
| M-189 | | Water | | | | |
| | | Kilo Litre | 3.00000 | 13.00 | 39.00 | M4 |
| Labour | | | | | | L |
| L-12 | | Mate | | | | |
| | | Day | 0.90000 | 617.00 | 555.30 | L1 |
| L-29 | | Mazdoor (Unskilled) | | | | |
| | | Day | 15.00000 | 558.00 | 8370.00 | L2 |
| L-10 | | Mason (IInd Class) | | | | |
| | | Day | 7.00000 | 679.00 | 4753.00 | L3 |
| Tools & Plants | | | | | | L |
| P&M-174 | | Water Tanker | | | | |
| | | Hour | 2.00000 | 150.00 | 300.00 | T1 |
| TOTAL | | | 225.000 | Sqm | 222176.73 | |
| UNIT TOTAL | | | 1 | Sqm | 987.45 | |
| Overhead@ 10.00 % | | | | 987.45 | 98.75 | |
| TOTAL | | | | | 1086.20 | |
| Contractors Profit @ 10.00 % | | | | 1086.20 | 108.62 | |
| TOTAL | | | | | 1194.82 | |
| Cost Index@ 36.44 % | | | | 601.56 | 219.21 | |
| TOTAL | | | | | 1414.03 | |

മേൽ ഡാറ്റയിൽ മെറ്റീരിയൽ കോഡ് 380 ആയി രേഖപ്പെടുത്തിയ 'Resin And Hardner Adhesive' എന്ന മെറ്റീരിയൽ ഇന്റർലോക്കിംഗ് പേവിംഗ് ബ്ലോക്ക് വിരിക്കുന്നതിന് ഉപയോഗിക്കാത്ത ഇനമാണ്. ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുന്നതിനായി അടിസ്ഥാനപ്പെടുത്തിയ 6.7.2 എന്ന ഇനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രസ്തുത മെറ്റീരിയലിന്റെ വിലയായി 110280രൂപ ഡാറ്റയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ കരാറുകാരന് അധികനിരക്ക് നൽകാനിടയായിട്ടുണ്ട്. മേൽ ഡാറ്റയിൽ നിന്നും മെറ്റീരിയൽ കോഡ് 380 പ്രകാരമുള്ള ചെലവ് ഒഴിവാക്കിയാൽ ഈയിനത്തിന് നൽകാവുന്ന പരമാവധി നിരക്ക് 821.01/-രൂപയാണ്. തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| TOTAL (222176.73 - 110280) | 225.000 | Sqm | 111896.73 |
| Unit Total – Sqm | 1 | Sqm | 497.31 |
| Overhead@ 10.00 % | | 497.31 | 49.73 |
| TOTAL | | | 547.04 |
| Contractors Profit @ 10.00 % | | 547.04 | 54.70 |
| TOTAL | | | 601.74 |
| Cost Index@ 36.44 % | | 601.74 | 219.27 |
| TOTAL | | | 821.01 |

കരാറുകാരന് നൽകിയ തുകയുടേയും, നൽകാവുന്ന തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഇന്റർലോക്കിംഗ് പേവിംഗ് ബ്ലോക്ക് വിരിക്കുന്നതിന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | ബിൽ പ്രകാരം കരാറുകാരന് നൽകിയ തുക | യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 207/24, പാലോട്ടിൽ ഫുട്ട്പാത്ത് | 1214.65/M2 | 124.132 X 1214.65 = 1,50,776.93/- | 124.132 X 821.01 = 1,01,913.61/- | 48,868.32/- |

| | | | | |
|---|---|---|---|---|
| 208/24, കണ്ണവയൽക്കുനി ഫുട്പാത്ത് | 1280/M2 | 96.381 X 1280 = 1,23,367.68/- | 96.381 X 821.01 = 79,129.76/- | 44237.92/- |
| | | | Total | 93,106.24/- |
| | | | GST 18% | 16,759.12/- |
| | | | Grand Total | 1,09,865/- |

മുകളിൽ വിവരിച്ച പ്രകാരം പ്രവൃത്തിയിൽ ഉപയോഗിക്കാത്ത മെറ്റീരിയലിന്റെ ചെലവ് ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയതിനാൽ കരാറുകാരന് അധികനിരക്ക് അനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/20.11.24) അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ ലേബർ ചാർജ്, ട്രാൻസ്പോർട്ടേഷൻ ചാർജ്, മെറ്റീരിയലിന്റെ വില എന്നിവ സൈറ്റിൽ നേരിട്ട് പോയി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയതെന്നും കളേർഡ് പിഗ്മെന്റോട് കൂടിയ ഇന്റർലോക്ക് ആണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ ഉപയോഗിക്കാത്ത 'Resin And Hardner Adhesive' എന്ന മെറ്റീരിയൽ ഒബ്സർവ്ഡ് ഡാറ്റയിൽ ഉൾപ്പെടുത്തിയതിനാലാണ് നിരക്കിൽ വർദ്ധനവ് വന്നിട്ടുള്ളത്. ഇതിനെക്കുറിച്ച് ഒന്നും തന്നെ മറുപടിയിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടി അംഗീകരിക്കാൻ കഴിയില്ല. പ്രവൃത്തിയിൽ ഉപയോഗിക്കാത്ത മെറ്റീരിയലിന്റെ ചെലവ് ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടം വന്ന 1,09,865രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 അങ്കണവാടി അറ്റകുറ്റപ്പണി - തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിലെ ഉമ്മർക്കണ്ടി അങ്കണവാടിയുടെ എക്സ്റ്റൻഷൻ, അറ്റകുറ്റപ്പണി എന്നിവയ്ക്കായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 2 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം. /പേര് | 29/24, ഉമ്മർക്കണ്ടി അങ്കണവാടി എക്സ്റ്റൻഷൻ | 14/24, അങ്കണവാടികളുടെ അറ്റകുറ്റപ്പണി |
|---|---|---|
| അടങ്കൽ | 7,47,470/-, CFC(basic) 152530/-, തനതുഫണ്ട് ആകെ - 9,00,000/- | 23,36,797/-/-, സംരക്ഷണഗ്രാന്റ് (നോൺ റോഡ്) |
| ചെലവ് തുക | 4,54,929/-, ബിൽ നം.251/24.1.24 | 10,67,009/-, ബിൽ നം.357/19.3.24 |

| കരാറുകാരൻ | വിശ്വനാഥൻ.കെ | വിശ്വനാഥൻ.കെ |
|---|---|---|

ഉമ്മർക്കണ്ടി അങ്കണവാടി കെട്ടിടത്തിന്റെ എക്സ്റ്റൻഷന് വേണ്ടിയാണ് പ്രൊജക്ട് 29/24 തയ്യാറാക്കിയത്. ഉമ്മർക്കണ്ടി അങ്കണവാടി ഉൾപ്പെടെ 4അങ്കണവാടികളുടെ അറ്റകുറ്റപ്പണിക്കാണ് 14/24നമ്പർ പ്രൊജക്ട് തയ്യാറാക്കിയത്. 2 പ്രവൃത്തികളുടെയും എസ്റ്റിമേറ്റിൽ സോളിഡ് ബ്ലോക്കുപയോഗിച്ച് ചുമർ നിർമ്മിക്കുന്ന ഇനം ഉൾപ്പെട്ടിട്ടുണ്ട്. സോളിഡ് ബ്ലോക്കുപയോഗിച്ച് ചുറ്റുമതിൽ, കിച്ചൻ സ്റ്റെപ്പ്, കിച്ചൻ സ്ലാബ് സപ്പോർട്ട് എന്നിവ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് പ്രൈസിലെ ഒബ്സേർവ്ഡ് ഡാറ്റ 50.6.1.3 ആണ്. ഈ ഇനത്തിന്റെ വിവരണം പരിശോധിച്ചാൽ ഫ്ലോർ 2 ലെവലിന് മുകളിൽ ഫ്ലോർ 5 ലെവൽ വരെയുള്ള സൂപ്പർസ്ട്രക്ചർ നിർമ്മാണത്തിനുള്ള നിരക്കാണിതെന്ന് കാണാം. പ്ലിന്ത് ലെവൽ മുതൽ ഫ്ലോർ 2 ലെവൽ വരെയുള്ള നിർമ്മാണത്തിന് ഇനം 50.6.1.2 ആണ് ഉപയോഗിക്കേണ്ടത്. മേൽ പ്രവൃത്തികളിൽ 2018 DSR നിരക്കിൽ 36.44% കോസ്റ്റ് ഇൻഡക്സിൽ ഇനം 50.6.1.2ന് വേണ്ടി വരുമായിരുന്ന നിരക്ക് 6623.01രൂപയാണ്. അതിന് പകരം 7622.26രൂപ നിരക്കുള്ള ഇനം 50.6.1.3 ഉൾപ്പെടുത്തിയതിനാൽ അധിക നിരക്ക് കരാറുകാരന് ലഭിച്ചു. (പ്രൊജക്ട് 14/24ൽ മറ്റ് 3 അങ്കണവാടികളുടെയും പ്രവൃത്തിയിൽ ചുമർ നിർമ്മിക്കുന്നതിന് 50.6.1.2 ആണ് ഉൾപ്പെടുത്തിയത്. പ്രസ്തുത ഇനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് 7285.31രൂപയാണ്.) കരാറുകാരന് നൽകിയ തുകയുടേയും, നൽകാവുന്ന തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഇനം 50.6.1.3ന് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | ബിൽ പ്രകാരം കരാറുകാരന് നൽകിയ തുക | യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 29/24, ഉമ്മർക്കണ്ടി അങ്കണവാടി എക്സ്റ്റൻഷൻ | 7385.96/M3 | 5.565 X 7385.96 = 41,102.87/- | 5.565 X 6623.01 = 36,857.05/- | 4,245.82/- |
| 14/24, അങ്കണവാടികളുടെ അറ്റകുറ്റപ്പണി | 8384.48/M2 | 7.836 X 8384.48 = 65,700.79/- | 7.836 X 7285.31 = 57087.69/- | 8,613.10/- |
| | | | Total | 12,858.92/- |
| | | | GST 18% | 2,314.60/- |
| | | | Grand Total | 15,173/- |

മുകളിൽ വിവരിച്ച പ്രകാരം തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കരാരുകാരന് അധികനിരക്ക് അനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/20.11.24) അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടിയിൽ നഷ്ടതുക മേൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഫൈനൽ ബില്ലിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും 15,173/- ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-3 വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിഫിക്കേഷൻ - കരാറുകാരന് രണ്ടു തവണ തുക നൽകിയതിനാൽ അധിക ചെലവ്, കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറിയതിന്റെ വിശദാംശം ലഭ്യമല്ല

പ്രോജക്ടിന്റെ പേര്- 178/24വിവിധ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ (സ്പിൽ ഓവർ)

വകയിരുത്തിയ തുക- 843230 (500000 വികസന ഫണ്ട്+343230തനത് ഫണ്ട്)

ചെലവഴിച്ച തുക - 843230 (500000 സി.എഫ്.സി.ടൈഡ്+307979തനത് ഫണ്ട്)

ബിൽ നം/തുക - A)318/5-3-24- 145818/-,19/5-3-24- 162161/- (തനത് ഫണ്ട്)

B)37/24-6-23-76680/-, 38/24-6-23 – 167239/-,39/24-6-23-167594/-

319/5-3-24-75542/-, 320/5-3-24-12945/- (സി.എഫ്.സി.ടൈഡ് ഗ്രാന്റ്)

നിർവ്വഹണം- സെക്രട്ടറി

മേൽ പദ്ധതി പ്രകാരം വാളാർ കുന്ന്, വഴുതിനപ്പാടം, ചീനച്ചേരി, മുത്താച്ചിക്കുന്ന് , പൊൻതോട്ടക്കുന്ന് എന്നീ കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 843230 രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ മുഖേന പ്രവൃത്തി ഏറ്റെടുത്ത് ചെയ്തത് ശ്രീ നൈജുൽ രാജ് എന്ന ഇലക്ട്രിക്കൽ കരാറുകാരനാണ്. പ്രവൃത്തി ബില്ലുകൾ പ്രകാരം ആകെ ചെലവ് 843230 രൂപയാണ്. ചെലവ് തുക മേൽ കാണിച്ച ബില്ലുകൾ പ്രകാരം പ്രകാരം സി.എഫ്.സി.ടൈഡ് ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്. ഇതിൽ ബിൽ നം- 320/5-3-24 പ്രകാരം വഴുതിനപ്പാടം കുടിവെള്ള പദ്ധതി ഇലക്ട്രിക്കൽ പ്രവൃത്തിക്ക് 12945 രൂപ സി.എഫ്.സി ഗ്രാന്റിൽ നിന്നും പിൻവലിച്ച് ശ്രീ നൈജുൽ രാജിന് നൽകിയിട്ടുണ്ട്. ഇതിനു പുറമെ ചെക്ക് നം. 6258533/25-3-24(GPG) മുഖേന തനത് ഫണ്ടിൽ നിന്നും ഇതേ പ്രവൃത്തിക്ക് 12945 രൂപ പിൻവലിച്ച് ഇതേ കരാറുകാരന് വീണ്ടും നൽകിയിട്ടുണ്ട്. അതു വഴി കരാറുകാരന് 12945 രൂപ അധികം നൽകാനിടയായിട്ടുണ്ട് എന്ന് കാണുന്നു. കൂടാതെ മേൽ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

കരാറുകാരന് രണ്ടുതവണ ഒരേ തുക നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതും കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/20-11.24) മറുപടി സമർപ്പിച്ചിട്ടില്ല. അധികം നൽകിയ 12945 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ മേൽ കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്ത് ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 19.11.2024 & 20.11.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1844936 | ലൈഫ് ഭവന പദ്ധതി എസ്.സി | 1844936 | 0 |
| | | 100000 | ലൈഫ് ഭവന പദ്ധതി ജനറൽ | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 571000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 571000 | 0 |
| | | 80542 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 80542 | 0 |
| | | 97427 | കാലിത്തീറ്റ സബ്സിഡി | 97427 | 0 |
| | | 133518 | പാലിയേറ്റീവ് കെയർ | 133518 | 0 |
| ആകെ | | 2827423 | | 2827423 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |
| | | 100000 | കാലിത്തീറ്റ സബ്സിഡി | 100000 | |
| ആകെ | | 400000 | | 400000 | |

## 4-3 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കെ.എസ്.ഇ.ബി സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 2/ 8.5.2023 | 991589 | 991589 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | വർഷാരംഭ ത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരി ച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ലോൺ | 2023-24 | 2788938 | 25560000 | 28348938 | 1477298 | 0 | 26871640+ 6436(interest) |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി5 പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 2,68,78,076 രൂപയാണ്. ഇതിൽ ലോൺ അക്കൗണ്ടിൽ വരവ് വന്ന പലിശ തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8605447 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 925105 |
| ആകെ | 9530552 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9530552 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | തുക |
|---|---|---|
| 1 | ചേമഞ്ചേരി സഹകരണ ബാങ്ക് | 504617 |
| 2 | ചേമഞ്ചേരി സഹകരണ ബാങ്ക് | 4468509 |
| 3 | ചേമഞ്ചേരി സഹകരണ ബാങ്ക് | 2070657 |
| 4 | ചേമഞ്ചേരി സഹകരണ ബാങ്ക് | 2486769 |
| ആകെ | | 9530552 |

(കുറിപ്പ്- കെ.ഡി.സി ബാങ്കിൽ ഉണ്ടായിരുന്ന രണ്ട് നിക്ഷേപങ്ങൾ ക്ലോസ് ചെയ്ത് ക്രമ നം.4 പ്രകാരം ചേമഞ്ചേരി സഹകരണ ബാങ്കിൽ 17.10.23 ന് നിക്ഷേപിച്ചിട്ടുണ്ട്.)

## <u>4-7 ഓഡിറ്റ് റിക്കവറി</u>

- ഇല്ല –

## <u>4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 24 | 2003-04 | 11.13.7(14) | നികുതിപിരിവിൽ അലംഭാവം |
| 2013-14 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.2 100/98 | | | സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ |
| 2013-14 പ്രവർത്തനക്ഷമത റിപ്പോർട്ട് | 5.2.4.15 119 | | | സർക്കാർ / എയ്ഡഡ് സ്കൂൾ അഡ്മിഷൻ |
| 2013-14 പ്രവർത്തനക്ഷമത റിപ്പോർട്ട് | 5.2.4.18 132,130 | | | വിദ്യാഭ്യാസ മേഖല എസ്.എസ്.എ. |
| 2013-14 അവലോകനം | 6.4. 190 | | | തെരുവു വിളക്ക് സംരക്ഷണം |
| 2015-16 | 4.2.1.49 | 2015-16 | 2-9 | പുറമ്പോക്ക് സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതകൾ |
| | 6(എ)1.2.90 | | 3-2 | ആശ്രയ വീടിന് സ്ഥലം |
| | 6(എ)1.6.90 | | | വീട് ആവശ്യമുള്ളവർ |
| | 6(എ)2.3.91 | | | വീട് റിപ്പയർ |
| | 6(എ)3.1.91 | | | കുടിവെള്ളം |

| | | | | |
|---|---|---|---|---|
| | | | | ആവശ്യമുള്ളവർ |
| 2017-18 | 2.1 | | | ഇ-ഗവേണൻസ് ഓഡിറ്റ് റിപ്പോർട്ട് |

**4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം**

ഓഡിറ്റ് വർഷം ചാർജ്ജ്/സർചാർജ്ജ് നടപടികൾ മുഖേന തുകയൊന്നും ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,84,05,356 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,83,99,611 |
| വരവിനങ്ങളിലുള്ള നഷ്ടം | 36827 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 147483 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1742065 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 36,827 | - | ശ്രീ.അനിൽ കുമാർ.ടി,സെക്രട്ടറി |
| 3-1 | - | 54932.5 | ശ്രീ.ഫാസിൽ.കെ,അസി.എഞ്ചിനീയർ |
| | | 54932.5 | ശ്രീ.അബൂബക്കർ സിദ്ദീഖ്,അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 7586.5 | ശ്രീ.രജീഷ് കുമാർ.സി,അസി.എഞ്ചിനീയർ |
| | | 7586.5 | ശ്രീ.അബൂബക്കർ സിദ്ദീഖ്,അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 12945 | ശ്രീ.അനിൽ കുമാർ.ടി,സെക്രട്ടറി |
| 3-4 | | 9500 | ശ്രീ.അനിൽ കുമാർ.ടി,സെക്രട്ടറി |
| ആകെ | 36,827 | 147483 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 13300 | ശ്രീമതി.വിദ്യ ബാബു,കൃഷി ഓഫീസർ |
| 1-15 | 13000 | ശ്രീ. മോഹനൻ.സി.വി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-17 | 299176 | ശ്രീ. മോഹനൻ.സി.വി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 1141589 | ശ്രീ.അനിൽ കുമാർ.ടി,സെക്രട്ടറി |
| 1-19 | 200000 | ശ്രീ.അനിൽ കുമാർ.ടി,സെക്രട്ടറി |
| 1-23 | 75000 | ശ്രീ.അരവിന്ദാക്ഷൻ,ഹെഡ്മാസ്റ്റർ |
| ആകെ | 1742065 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഫാസിൽ.കെ | അസി. എഞ്ചിനീയർ | കൈപ്പുറത്ത്, ഒളവണ്ണ |
| ശ്രീ.അനിൽ കുമാർ.ടി,സെക്രട്ടറി | സെക്രട്ടറി | തുരുത്തിയിൽ ഹൗസ്, കുന്നത്തറ, ഉള്ളിയേരി-673323 |
| ശ്രീ.അബൂബക്കർ സിദ്ദീഖ്, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | കോരച്ചൻകണ്ടി--പുറായിൽ മടവൂർ.പി.ഒ, കോഴിക്കോട് |
| ശ്രീ.രജീഷ്കുമാർ.സി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | ചാത്തഞ്ചേരി, ഉള്ളിയേരി, കോഴിക്കോട്-673623 |
| ശ്രീമതി.വിദ്യ ബാബു, കൃഷി ഓഫീസർ | കൃഷി ഓഫീസർ | ദേവദേയം, തൂവ്വക്കോട് പി.ഒ-673304 |
| ശ്രീ. മോഹനൻ.സി.വി, അസിസ്ററന്റ് സെക്രട്ടറി | അസിസ്ററന്റ് സെക്രട്ടറി | ചീനത്ത് വയലിൽ, എലത്തൂർ – 673303 |
| ശ്രീ.അരവിന്ദാക്ഷൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, തിരുവങ്ങൂർ വെസ്റ്റ് | വിര്യങ്കര, നന്ദനം, തൂവ്വക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി4/806/2022, തി.06.02.2023 | 1 | 24 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.4/806/2022(8) , തി .06.02.2023 | 1 | 3-6 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി.4/806/2022(9) , തി .06.02.2023 | 3 | 3-4, 3-6, 3-8 |

| | | | |
|---|---|---|---|
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി4/ 806/2022(12), തി .06.02.2023 | 1 | 3-5 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി4/ 806/2022(13) ,തി .06.02.2023 | 20 | 2-1(3,4,6), 2-9, 3-3,3-4,3-7,3-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി4/ 806/2022(14) ,തി .06.02.2023 | 20 | 2-1(5), 2-1(6), 3-9(3),3-11 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി4/ 806/2022(15),തി.06.02.2023 | 17 | 1-12(2,3),3-7,3-12, 3-14,3-16 |
| 2019-20 | കെ എസ് എ കെ കെ ഡി / പി4/1883/2024 തി.5.8.24 | 13 | 1-1-1,1-1-2,1-1-3,1-9(1), 1-9(3),1-9(4),1-9(7), 1-9(9),1-9(10),1-10,1-11, 1-12(1), 1-12(3) |
| 2020-21 | കെ.എസ് എ കെ കെ ഡി / പി4/102/22 ,തി.12.05.22 | 18 | 1-1-1,1-1-2,1-1-3,1-3, 1-5,1-6,1-7,1-8,1-9,1-10, 1-13,1-14,1-15,1-17,1-20, 1-21, 1-22, 3-1 |
| 2021-22 | കെ.എസ് എ കെ കെ ഡി / പി4/2259/2022 തി.19.01.23 | 27 | 1-1 മുതൽ1-26 വരെ , 3-1 |
| 2022-23 | കെ.എസ് എ കെ കെ ഡി / പി4/801/2024 തി.8.5.24 | | 1-1,1-1-2 മുതൽ 1-2 വരെ , 1-4,1-7,1-8, 1-10,1-12,1-15,1-16,1-17,1-19, 1-20,1-21, 1-22, 3-1,4-8,4-11 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 28-05-2024 and submitted on 29-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Chemanchery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chemanchery Grama Panchayat as on 31-03-2024

**Date: 30/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Chemanchery Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1)The following mandatory fincancial statements prescribed in accounting rules are not submitted 1) Basic Ratios 2) Note to Accounts.
2) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3) Timely and accurate demand entries not made in respect of Property Tax.
4) Mismatch of Property Tax arrear amount in AFS and DCB statement.
5)Abstract not prepared in stock register.
6) Loan Liability balance in AFS differs with that of Loan Register.
7) No further action regarding amount directly debited by bank.

8) Redemption amount not recouped completely.
9) Asset Register not prepared in Value Basis. Work Sheet regarding the Calculation of Depreciation of Assets not produced for Verification.
10)Appropriation Control Registers Not maintained for Grants, Funds and contributions Recieved for Specific Purposes
11)No timebound forfeiture of various Deposit to Panchayath Account.
12)No further actions regarding the Cheques issued but not presented into bank.
13)Mismatch between AFS and ACR.
14)Block share not completely reflected in expenditure statement.
15)Allotment amount marked negative in ACR.
16)Expenditure of project is more than sanctioned amount.
17)Amount in B4 schedule does not match with the balance in the corresponding bank account.
18)Block and district share remain as balance in B4 schedule.
19)Property tax receipt in AFS differs from DCB statement.
20)Auction amount mismatch between register and AFS.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്